No/450/2022/SRG/LSGD(CC)(1)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം 02.06.2022, ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സമൃദ്ധിഹാൾ, സംസ്ഥാന ആസൂത്രണബോർഡ്, പട്ടം

## അജണ്ട

1. **തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22-ലെ വാർഷിക പദ്ധതി പുരോഗതി – അവലോകനം**

(റിപ്പോർട്ട് പിന്നീട് നൽകും)

2. **മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1. 14.09.2021 -ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ.**

**2.1. ഖണ്ഡിക 3.7**

തദ്ദേശഭരണസ്ഥാപനങ്ങൾ KSEB, KWA, GWD നിർമ്മിതികേന്ദ്ര പോലുള്ള സ്ഥാപനങ്ങൾ വഴി വിവിധ പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഈ ഏജൻസികൾക്ക് തുക മുൻകൂറായി ഡിപ്പോസിറ്റ് ചെയ്താണ് പ്രവർത്തി നടപ്പാക്കുന്നത്. എന്നാൽ തുക ഡിപ്പോസിറ്റ് ചെയ്തു കഴിഞ്ഞ് പലപ്പോഴും വർഷങ്ങൾ കഴിഞ്ഞാണ് പ്രവൃത്തി പൂർത്തിയാക്കുന്നത്.

2017-18 മുതൽ പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ നൽകിയ റിപ്പോർട്ട് ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് നൽകിയിരുന്നു. KSEB, KWA, GWD എന്നീ സ്ഥാപനമേധാവികളുടെ കൂടി സാന്നിധ്യത്തിൽ ഇത് യോഗം അവലോകനം ചെയ്തു.

ജില്ലാ പ്ലാനിംഗ് ഓഫീസർമാർ നൽകിയ റിപ്പോർട്ട് പ്രകാരം KSEB, KWA, GWD, Nirmithi Kendra മറ്റു ഏജൻസികൾ എന്നിവയിലായി ആകെ 4288 പ്രവർത്തികളാണ് 2016-17 മുതൽ 2021 വരെ പൂർത്തിയാക്കാനുള്ളത്. ഇതിനായി ആകെ ഡിപ്പോസിറ്റ് ചെയ്തിരിക്കുന്ന തുക 395.82 കോടി രൂപയാണ്. എന്നാൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യഡയറക്ടർ, ഗ്രാമവികസന വകുപ്പ് എന്നീ വകുപ്പുമേധാവികൾ റിപ്പോർട്ട് ചെയ്ത പ്രകാരം ആകെ 4365 പ്രവർത്തികൾ പൂർത്തിയാക്കാനുണ്ട്. ഇതിന്റെ അടങ്കൽ 243.48 കോടി രൂപയാണ്.

ഇതിന്റെ വിശദമായ വിവരങ്ങൾ മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്തു. കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനപ്രകാരം ജില്ലാ പ്ലാനിംഗ്

ഓഫീസർമാർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ നൽകിയ വിവരങ്ങൾ KSEB Managing Director, KWA Managing Director എന്നിവർക്ക് നൽകി. ഈ ഏജൻസികൾ ഇതു വിശദമായി പരിശോധിച്ച് വകുപ്പിന്റെ കണക്കുമായി ഒത്തുനോക്കി റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്മേൽ വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട് – റിപ്പോർട്ട് താഴെ ചേർക്കുന്നു.

### Table – 1

(Rs. Crore)

| District | Total No. of Works Taken up | Total Deposit Amount Received | Completed Works | | | | | |
|---|---|---|---|---|---|---|---|---|
| | | | No. of Works | Total Amount Deposit by Local Body | No.of Works of Which Final Bill Settled | Total Amount Expended | Amount Returned to Local Body | No. of Utilization Certificate Issued |
| TVM | 1712 | 122.30 | 1551 | 68.29 | 1487 | 65.90 | 7.48 | 1475 |
| KLM | 885 | 77.62 | 827 | 64.69 | 817 | 46.28 | 12.07 | 817 |
| PTH | 1683 | 86.14 | 1379 | 66.98 | 1377 | 54.71 | 8.61 | 1377 |
| ALP | 478 | 32.68 | 376 | 22.70 | 357 | 17.71 | .98 | 357 |
| KTM | 803 | 36.34 | 705 | 29.30 | 696 | 24.18 | 3.64 | 696 |
| IDK | 246 | 9.99 | 160 | 6.68 | 156 | 5.34 | .68 | 156 |
| EKM | 1688 | 85.94 | 1340 | 45.44 | 1240 | 36.43 | 4.74 | 1240 |
| THR | 738 | 28.04 | 685 | 19.79 | 658 | 12.58 | 6.18 | 658 |
| PKD | 760 | 45.49 | 657 | 42.98 | 644 | 31.39 | 5.93 | 644 |
| MPM | 907 | 87.30 | 706 | 50.07 | 662 | 35.50 | 5.65 | 640 |
| KZHK | 240 | 22.53 | 217 | 20.56 | 217 | 14.94 | 3.31 | 217 |
| WYND | 212 | 8.21 | 195 | 7.27 | 195 | 6.31 | 0.83 | 195 |
| KNNR | 285 | 25.52 | 234 | 14.59 | 233 | 11.83 | 2.77 | 233 |
| KSRGD | 178 | 24.27 | 130 | 15.83 | 130 | 13.76 | .14 | 124 |
| **Total** | **10815** | **692.37** | **9162** | **475.16** | **8869** | **376.85** | **63.03** | **8829** |

### Table – 2 (തുടർച്ച)

(Rs. Crore)

| District | On Going Works | | | Works Not Started | | Short Closed/ Not Feasible Works | | | Total Balance Amount with KWA |
|---|---|---|---|---|---|---|---|---|---|
| | No. of Works | Amount Deposited | Amount Expended | No. of Works | Amount Deposited | No. of Works | Amount Deposited | Amount Re-funded | |
| TVM | 194 | 18.95 | 0 | 0 | 0 | 0 | 0 | 0 | 13.85 |
| KLM | 20 | 6.87 | 0.46 | 11 | 3.79 | 28 | 2.84 | 2.84 | 16.53 |
| PTH | 104 | 8.60 | 0 | 128 | 8.78 | 72 | 1.78 | 1.66 | 21.16 |
| ALP | 48 | 4.59 | .47 | 30 | 3.36 | 24 | 2.03 | .58 | 12.94 |
| KTM | 49 | 5.66 | .24 | 0 | 0 | 51 | 1.38 | 1.38 | 6.91 |
| IDK | 63 | 2.10 | .21 | 16 | 1.18 | 6 | .09 | .09 | 3.73 |
| EKM | 221 | 32.69 | 4.17 | 72 | 6.66 | 54 | 1.14 | 1.14 | 39.45 |
| THR | 48 | 8.17 | 0 | 0 | 0 | 5 | .08 | .09 | 9.19 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| PKD | 58 | 3.95 | .62 | 10 | 0.21 | 35 | 1.77 | 1.69 | 9.28 |
| MPM | 51 | 8.13 | .27 | 18 | 6.96 | 132 | 23.95 | 22.11 | 25.58 |
| KZHK | 18 | 1.30 | 0 | 1 | .27 | 4 | .40 | .40 | 3.89 |
| WYND | 5 | 0.18 | 0 | 4 | .06 | 7 | .69 | 0 | 1.07 |
| KNNR | 19 | 8.70 | 1.28 | 32 | 2.09 | 0 | 0 | 0 | 9.50 |
| KSRGD | 15 | 3.62 | 0 | 23 | 4.72 | 13 | 1.07 | 0 | 11.35 |
| **Total** | **913** | 113.51 | 7.73 | **345** | 38.11 | **431** | 37.25 | 31.99 | 184.43 |

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**
**4) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്**
**(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)**

## 2.2 – 02.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.2 ഖണ്ഡിക 3.2

തദ്ദേശഭരണസ്ഥാപനങ്ങൾ KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ മുഖേന പ്രോജക്ടുകൾ ഡിപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നുണ്ട്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് KWAയും KSEBയും കാലതാമസം വരുത്താറുണ്ട്. ഇതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഷ്ടം വരുത്തും. അതിനാൽ ഇങ്ങനെയുള്ള ഡിപ്പോസിറ്റ് പ്രവർത്തികൾ പൂർത്തിയാക്കാൻ കാലതാമസം വരുകയാണെങ്കിൽ പലിശ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുകയോ പലിശ തുക കൂടി ഡിപ്പോസിറ്റ് തുകയുടെ കൂടെ ചേർക്കുകയോ ചെയ്യണം. ഈ ഏജൻസികൾ ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയ്ക്ക് കിട്ടുന്ന പലിശ എത്രയാണോ ആ തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത്. ഇതിനായി KWA, KSEB തുടങ്ങിയ ഏജൻസികൾ പ്രത്യേകമായി കണക്ക് സൂക്ഷിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി KWA MD, KSEB മാനേജിംഗ് ഡയറക്ടർ എന്നിവർ ഇതുവരെ നൽകിയില്ല. ഇത് അടിയന്തിരമായി തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണം. ജലവിഭവ വകുപ്പിൽ നിന്നും ഊർജ്ജവകുപ്പിൽ നിന്നും അഭിപ്രായം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കണം.

**KWA മാനേജിംഗ് ഡയറക്ടർ അഭിപ്രായം നൽകിയിട്ടുണ്ട്**:- പ്രവർത്തികൾ പൂർത്തീകരിക്കുവാൻ നീക്കി വച്ചിരിക്കുന്ന നിക്ഷേപതുകയ്ക്ക് പലിശ നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ ഈ നിർദ്ദേശം പുനഃപരിശോധിക്കണമെന്നാണ് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നത്.

**കുറിപ്പ്** – KSEB റിപ്പോർട്ട് നൽകിയിട്ടില്ല.

**നടപടി:- ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്**
**(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)**

**2.3) 11.01.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 4.22**

**മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2021 ലെ കത്ത്** (SRG 798/21 – CC /590/21)

ഗ്രാമപഞ്ചായത്തു വക ശ്മശാനത്തിൽ ഗ്യാസിഫയർ സ്ഥാപിക്കുന്നതിനായി 2013-14 ൽ ഒരു പ്രോജക്റ്റ് ഏറ്റെടുത്തിരുന്നു. ക്രിമിറ്റോറിയം കെട്ടിടം, ഗ്യാസ് ചൂള പ്രവർത്തിപ്പിക്കാനുള്ള അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ ടെണ്ടർ നടപടിയിലൂടെ കോസ്റ്റ് ഫോർഡിനെയാണ് ഏല്പിച്ചത്. ആകെ എസ്റ്റിമേറ്റ് തുക 39,55,000/- രൂപ. സർക്കാരിൽ നിന്നനുവദിച്ച തുകയിൽ നിന്ന് നിർമ്മാണ പുരോഗതിയനുസരിച്ച് മൂന്നു ഗഡുക്കളായി 22,82,000/- രൂപ കോസ്റ്റ് ഫോർഡിന് നൽകി. കെട്ടിടംപണി 90 ശതമാനം പൂർത്തീകരിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നവീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് പുതുക്കണമെന്നും പുതുക്കിയ എസ്റ്റിമേറ്റ് 55,80,000/- രൂപയാണെന്നും കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവറായി ഇപ്പോൾ ഈ പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടില്ല. കോസ്റ്റ് ഫോർഡിനു നൽകിയ തുക കുറച്ച് പുതുക്കിയ എസ്റ്റിമേറ്റു പ്രകാരം ബാക്കി തുകയായ 32,98,000/- രൂപ കൂടി ഉൾപ്പെടുത്തി പ്രോജക്റ്റ് സ്പിൽ ഓവറായി എടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി സി.എഫ്.സി റൈറ്റഡ് ഗ്രാന്റ് ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ഏഴു വർഷത്തിലധികം കാലതാമസമുണ്ടായിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. എഗ്രിമെന്റ് കാലാവധി, ഇതുവരെ നടന്ന നിർമ്മാണ പ്രവർത്തികൾ, അവ ഏത് വർഷമാണ് നടത്തിയത് തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ താഴെ പറയും പ്രകാരം റിപ്പോർട്ട് നൽകിയിരുന്നു.

കോസ്റ്റ് ഫോർഡ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രവൃത്തിയിന്മേൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും യാതൊരുവിധ സാങ്കേതിക പരിശോധനയും ഇതേവരെ നടത്തിയിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രവൃത്തിക്ക് സെക്രട്ടറി തന്നെയാണ് നേരിട്ട് പേമെന്റ് നടത്തിയത്. മാത്രമല്ല ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ട അനുമതിപത്രങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. 2014 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 39,55,000/- രൂപയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുള്ള ടി പ്രവൃത്തിക്ക് 55,80,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് നിലവിൽ കോസ്റ്റ് ഫോർഡ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഗ്യാസ് ഫർണ്ണസിന് മാത്രം 12,00,000/- രൂപയുടെ

വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീ കരിച്ചിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു.

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഫോർഡ് മേധാവികൾ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം വിളിക്കാൻ 11.03.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ശ്മശാന നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിക്കേണ്ട നടപടികൾ, ആരുടെ ഭാഗത്താണ് വീഴ്ച പറ്റിയത്, കോസ്റ്റ് ഫോർഡിന് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമോ തുടങ്ങിയവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാനും പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ 16.04.2022 ൽ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** - കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശപ്രകാരം ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി 08.04.2022 ന് യോഗം ചേർന്നു. നിലവിൽ 90 ശതമാനം പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന ഫണ്ടിൽ നിന്നും 39,55,000 രൂപ രണ്ട് തവണയായി ലഭിച്ചെങ്കിലും ആകെ മൂന്ന് ഘട്ടങ്ങളിലായി കോസ്റ്റ് ഫോർഡിന് 22,82,000 രൂപ നൽകി. ബാക്കി തുകയായ 16,73,000 രൂപ സർക്കാരിലേക്ക് തിരികെ അടച്ചു.

ശുചിത്വമിഷൻ ഗ്യാസിഫയറിന്റെ **Product Specification (double chamber)** മാറ്റം വരുത്തിയത് മൂലം തയ്യാറാക്കപ്പെട്ട പുതിയ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിന് 55,800,000 രൂപ ആകുമെന്ന് കാണിച്ച് കോസ്റ്റ് ഫോർഡ് പുതുക്കിയ എസ്റ്റിമേറ്റ് നൽകി. ആദ്യത്തെ എസ്റ്റിമേറ്റിൽ നിന്ന് വ്യത്യസ്തമായി 16,25,000/- അധികമായി കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി സി.എഫ്.സി ടൈഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതിയ്ക്കായാണ് കോഓർഡിനേഷൻ കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിച്ചത്.

കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ Emission Specification ആണ് പരിഗണിക്കേണ്ടതെന്നും ശുചിത്വമിഷൻ നിർദ്ദേശിച്ച ഡബിൾ ചേമ്പർ സ്പെസിഫിക്കേഷൻ പ്രോഡക്റ്റ് സ്പെസിഫിക്കേഷൻ മാത്രമാണെന്നും 2014 ന് ശേഷം Emission Specification ൽ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ മാത്രമെ ആദ്യത്തെ എസ്റ്റിമേറ്റിൽ നിന്ന് വ്യത്യസ്തമായി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഗ്യാസിഫയർ പ്രവൃത്തി ചെയ്യേണ്ടതുള്ളുവെന്നും 08.04.2022 ലെ യോഗം വിലയിരുത്തി. കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് 2014 ന് ശേഷം Emission Norms-ൽ മാറ്റം വരുത്തിയിട്ടില്ലെങ്കിൽ പ്രസ്തുത പ്രവൃത്തി ആദ്യത്തെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് പൂർത്തീകരിക്കാവുന്നതാണെന്ന് കോസ്റ്റ് ഫോർഡിന് വേണ്ടി യോഗത്തിൽ ഹാജരായ കോസ്റ്റ് ഫോർഡ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കേരള പൊല്യൂഷൻ കൺട്രോൾ

ബോർഡ് 2014 ന് ശേഷം **Emission Norms** ൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുന്നതിലേയ്ക്കായി ജില്ലാ ജോയിന്റ് ഡയറക്ടർ എൽ.എസ്.ജി.ഡി, ആലപ്പുഴ, മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരെ പ്രസ്തുത യോഗം ചുമതലപ്പെടുത്തിയിരുന്നു. 2014 ന് ശേഷം ഗ്യാസിഫയറിന്റെ **Emission Norms** ൽ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് മാറ്റം വരുത്തിയിട്ടില്ലായെന്ന് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ആദ്യത്തെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഗ്യാസിഫയർ സ്ഥാപിച്ച് പൂർത്തീകരിക്കാവുന്നതാണെന്നും ആദ്യത്തെ എസ്റ്റിമേറ്റ് പ്രകാരം ലഭ്യമായ തുകയിൽ നിന്ന് സർക്കാരിലേക്ക് തിരിച്ചടച്ച 16,73,000 രൂപ വീണ്ടും അനുവദിക്കുന്ന പക്ഷം സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്ന് ഫണ്ട് അനുവദിക്കേണ്ട സാഹചര്യം ഒഴിവാക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**നടപടി:- പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്**
**(തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)**

## 2.4) 11.03.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.4 ഖണ്ഡിക 3.6

ജലജീവൻ പദ്ധതിപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തുകൾ) 15 ശതമാനം വിഹിതം നൽകണം. പഞ്ചായത്തു ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം KWA നൽകിയ വിവരമനുസരിച്ച് 406 ഗ്രാമപഞ്ചായത്തുകൾ 5.00 കോടി രൂപയിലധികം ഇപ്രകാരം അടയ്ക്കണം. എന്നാൽ ഒരു ഗ്രാമപഞ്ചായത്തു മാത്രമായി ഇത്രയും തുക അടയ്ക്കേണ്ടി വരില്ലെന്നും പദ്ധതിയുടെ ഗുണഭോക്തൃ പ്രദേശം (ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന്) കണക്കാക്കിയാൽ ഓരോ ഗ്രാമപഞ്ചായത്തും അടയ്ക്കേണ്ട വിഹിതം ഇതിലും കുറവായിരിക്കുമെന്നും യോഗം വിലയിരുത്തി.

ഓരോ പ്രദേശത്തേയും പദ്ധതി ഏതാണെന്നും ഇതിന്റെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഓരോ ഗ്രാമപഞ്ചായത്തും വകയിരുത്തേണ്ട തുക എത്രയാണെന്നും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തുഡയറക്ടറെ ചുമതലപ്പെടുത്തി. ഇതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ വാങ്ങി നൽകേണ്ട ഭൂമിയുടെ വില എത്രയാണ്, ഗുണഭോക്താക്കൾ നൽകേണ്ട തുക എത്രയാണ് എന്നതു സംബന്ധിച്ച് റിപ്പോർട്ടിൽ ഉണ്ടാകണം. കൂടാതെ ഉപയോഗിക്കപ്പെടാതെ പ്രാദേശികമായുള്ള ജലസ്രോതസ്സുകൾ ഉണ്ടോ? ഉണ്ട് എങ്കിൽ അവ ഉപയോഗപ്പെടുത്താൻ കഴിയുമോ?

ഇതിന്റെ വിശദാംശങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കണം. KWA ഉദ്യോഗസ്ഥരുമായി ചേർന്ന് വേണം ഈ വിവരങ്ങൾ ശേഖരിക്കേണ്ടത്.

കേന്ദ്ര വിഹിതം കൂടി ഉൾപ്പെടുത്തിയുള്ള ഒരു പദ്ധതിയാണ് ഇതെന്നതിനാൽ സമയബന്ധിതമായി ജലജീവൻ പദ്ധതി പൂർത്തിയാക്കാൻ ജില്ലാ ആസൂത്രണ സമിതി തലത്തിൽ പ്രത്യേകമായി മോണിറ്റർ ചെയ്യണം. ജില്ലാ ആസൂത്രണ സമിതികൾ ഈ വിഷയം മാത്രമായി പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് ഏപ്രിൽ 10നകം പഞ്ചായത്ത് ഡയറക്ടർ മുഖേന ലഭ്യമാക്കണം. ഇതിനാവശ്യമായ നടപടി ജില്ലാ കളക്ടർമാർ സ്വീകരിക്കണം.

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**
**2) KWA മാനേജിംഗ് ഡയറക്ടർ**
**3) എല്ലാ ജില്ലാ കളക്ടർമാരും**
**(തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)**

**2.4 ഖണ്ഡിക 4.9**

**മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2022 ലെ കത്ത് (SRG 215/22 – CC/80/2022)**

***പ്രോ.നം: 138/22*** ***അടങ്കൽ 26,00,000/- രൂപ (തനത് ഫണ്ട്)***

***പേര് : ജനകീയമുക്ക് കളരിക്കണ്ടിമുക്ക് റോഡ് ഇറിഗേഷൻ വകുപ്പിനു തുക കൈമാറൽ***

ഗ്രാമപഞ്ചായത്തിലെ ജനകീയമുക്ക് - കളരിക്കണ്ടിമുക്ക് റോഡിന് കുറുകെ 2.75 മീറ്റർ ഉയരത്തിൽ ഇറിഗേഷൻ വകുപ്പിന്റെ Aquaduct കടന്നു പോകുന്നുണ്ട്. മഴക്കാലത്തും കനാൽ തുറക്കുമ്പോഴും റോഡിന്റെ ഈ ഭാഗത്ത് വെള്ളക്കെട്ട് ഉണ്ടാകും. റോഡ് ഉയർത്തുകയോ അക്വാഡക്റ്റ് പൊളിച്ചുമാറ്റി പുതിയതു നിർമ്മിക്കുകയോ വേണമെന്ന് ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിനായി ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റായി നൽകാൻ 26.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ തുക ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തയിരുന്നു. പ്രവൃത്തിയുടെ സാങ്കേതികമായ വിശദവിവരങ്ങൾ കൂടി ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു.

ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്** - പ്രസ്തുത റോഡിന് കുറുകെയുള്ള ഉയരം കുറഞ്ഞ അക്വിഡക്റ്റ് കാരണം ഹെവി വാഹനങ്ങൾക്ക് പോകാൻ പ്രയാസമാണ്. അക്വിഡക്റ്റിന്റെ മുകളിലേക്ക് റോഡ് കൊണ്ടുവരണമെന്നാണ് പഞ്ചായത്തിന്റെ ആവശ്യം. ഇതിന് സൈറ്റിലെ **Embankment** ഫിൽ ചെയ്ത് കനാൽ ടോപ്പിലേക്ക് റോഡ് കൊണ്ടു വരികയും സെന്റർ കട്ട് ചെയ്ത് അക്വിഡറ്റ് പുനർ നിർമ്മിച്ച് പ്രസ്തുത **Embankment** ന് സമാന്തരമായി ഒരു ഡ്രെയിനേജ്

കൂടി നിർമ്മിക്കണം. ഈ പ്രവൃത്തി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് തന്നെ നിർവ്വഹിക്കുന്നതാണ് അഭികാമ്യമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4 ഖണ്ഡിക 4.13**

**എലവഞ്ചേരി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.02.2022 ലെ കത്തും എലവഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.02.2022 ലെ Az-23/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 195/22 – CC/65/22)**

താഴെപ്പറയുന്ന 8 പ്രോജക്ടുകൾ 2019-20 ൽ വാർഷിക പദ്ധതിയിൽ എടുത്ത പ്രോജക്ടാണ്. ഇത് 2020-21 ൽ പൂർത്തിയായി. എം.ബുക്ക് തയ്യാറാക്കിയിരുന്നു വെങ്കിലും ഇവയിൽ 5 പ്രവൃത്തികളുടെ എം.ബുക്ക് ഇപ്പോൾ ലഭ്യമല്ല. 3 പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെയാണ് പ്രവൃത്തി നടപ്പാക്കിയത്. ഈ കാരണങ്ങ ളാൽ ബിൽ തുക നൽകാൻ കഴിയുന്നില്ല.

| ക്രമ നമ്പർ | പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ വിഹിതം (രൂപ) | തുക അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം |
|---|---|---|---|---|
| 1 | 104/22 | കരിങ്കുളം ഈഴവ സമുദായം മന്ദ് റോഡ് പേവിംഗ് ബ്ലോക്ക് | 1,50,000/- സി.എഫ്.സി ബേസിക് ഗ്രാന്റ് | എം.ബുക്ക് ലഭ്യമല്ല |
| 2 | 105/22 | തുറ്റിപ്പാടി ഇടവഴി റോഡ് കോൺക്രീറ്റിംഗ്, പാർശ്വഭിത്തി | 1,50,000/- സി.എഫ്.സി ബേസിക് ഗ്രാന്റ് | എം.ബുക്ക് ലഭ്യമല്ല |
| 3 | 108/22 | മൊടക്കോട് ഇടവഴി റോഡ് മെറ്റലിംഗ് ടാറിംഗ് | 2,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | എം.ബുക്ക് ലഭ്യമല്ല |
| 4 | 109/22 | തുറ്റിപ്പാടം ബോർവെൽ | 43,907/- സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് | എം.ബുക്ക് ലഭ്യമല്ല |
| 5 | 111/22 | തുറ്റിപ്പാടം കുടിവെള്ള പദ്ധതി പൂർത്തീകരണം | 2,20,000/- സി.എഫ്.സി റ്റൈഡ് 1,20,200/- തനത് ഫണ്ട് 99800/- | എം ബുക്ക് ലഭ്യമല്ല |
| 6 | 106/22 | കൊളുമ്പ് മണ്ഡപംകുടം സബ്ബ് സെന്റർ മെയിന്റനൻസ് | 93,071/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടി ല്ലാത്തതിനാലും ചെക്ക് മെഷർ |

| | | | | |
|---|---|---|---|---|
| | | | | ചെയ്യാത്ത തിനാലും |
| 7 | 107/22 | വട്ടെക്കാട് GUP സ്കൂളിന് തുറന്ന കിണർ | 4,93,000 സി.എഫ്.സി റ്റൈഡ് ഗ്രാന്റ് | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടി ല്ലാത്തതിനാലും ചെക്ക് മെഷർ ചെയ്യാത്ത തിനാലും |
| 8 | 110/22 | പെരുതംകോട് മണ്ഡപംകുടം റോഡ് | 3,00,000 സി.എഫ്,സി ബേസിക് ഗ്രാന്റ് | നിർമ്മാണത്തിലെ അപാകത |

തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മുഴുവൻ പ്രവൃത്തികളുടേയും ബിൽതുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായി എന്നു യോഗം നിരീക്ഷിച്ചു. ഈ പ്രവൃത്തി സംബന്ധിച്ച് പല കാര്യത്തിലും വ്യക്തത കുറവുണ്ട് എന്നും യോഗം വിലയിരുത്തി. അതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഓരോ പ്രവൃത്തിയും പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിൽ മറ്റു വിശദാംശങ്ങളോടൊപ്പം താഴെപറയുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

പ്രോജക്ട് തുടങ്ങിയ വർഷം, റ്റി.എസ് നൽകിയതിന്റെ വിശദാംശം, ടെണ്ടർ ചെയ്ത തീയതി, പ്രവൃത്തി പൂർത്തിയായ ദിവസം, എം.ബുക്ക് തയ്യാറാക്കിയോ?, തയ്യാറാക്കിയതാര്, റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകാത്തതിന്റെ കാരണം, ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ, നിർമ്മാണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ എന്തൊക്കെ?

ചീഫ് എഞ്ചിനീയർ ഇത് സംബന്ധിച്ച് നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**റിപ്പോർട്ട്**

| ക്രമ നം | പ്രോ. നം | പ്രോജക്ടിന്റെ പേര് | പ്രോജക്ട് തുടങ്ങിയ വർഷം | എം ബുക്ക് തയ്യാറാക്കിയോ | തയ്യാറാക്കിയ താര് | പ്രവൃത്തിയുടെ നിലവിലെ അവസ്ഥ | നിർമ്മാണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ ഏതൊക്കെ |
|---|---|---|---|---|---|---|---|
| 1 | 104/22 | കരിങ്കുളം ഈഴവ സമുദായം മന്ദ് റോഡ് പേവിംഗ് ബ്ലോക്ക് | 2019-20 | എം ബുക്ക് ലഭ്യമല്ല | ഉമ ടി.എൻ അസി. എഞ്ചിനീയർ | പ്രവൃത്തി പൂർത്തീകരിച്ചു | അപാകതകൾ കാണാൻ കഴിഞ്ഞില്ല |
| 2 | 105/22 | ഉറ്റിപ്പാടി ഇടവഴി റോഡ് | 2019-20 | എം ബുക്ക് ലഭ്യമല്ല | ,, | കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചു | കോൺ ക്രീറ്റ് റോഡിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റിംഗ് , പാർശ്വഭിത്തി | | | | | അപാകതകൾ കാണാൻ കഴിഞ്ഞില്ല. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പാർശ്വഭിത്തി നിർമ്മാണം പൂർത്തിയാക്കിയില്ല. |
| 3 | 108/22 | മൊടക്കോട് ഇടവഴി റോഡ് മെറ്റലിംഗ് ടാറിംഗ് | 2019-20 | എം ബുക്ക് ലഭ്യമല്ല | ” | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ പ്രവൃത്തി മൂലം റോഡ് തകർന്ന അവസ്ഥയിൽ കാണ പ്പെടുന്നു | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ പ്രവൃത്തി മൂലം റോഡ് പൂർണ്ണ മായും തകർന്നു പോയി |
| 4 | 109/22 | ചുറ്റിപ്പാടം ബോർവെൽ | 2019-20 | എം ബുക്ക് ലഭ്യമല്ല | ” | 20.02.2020 ന് പാർട്ട് ബിൽ തുകയായ 1,06,905 രൂപ അനുവദിച്ചിട്ടുണ്ട് | അപാകതകൾ കാണാൻ കഴിഞ്ഞില്ല. ജി.ഡബ്ളിയു.ഡിയു ടെ സഹാ യത്തോടെ വാലിഡേഷൻ നടത്തി പേമെന്റ് നൽകാം. |
| 5 | 111/22 | ചുറ്റിപ്പാടം കുടിവെള്ള പദ്ധതി പൂർത്തീകരണം | 2019-20 | എം ബുക്ക് ലഭ്യമല്ല | ” | പ്രവൃത്തി പൂർത്തീകരിച്ചു | അപാകതകൾ കാണാൻ കഴിഞ്ഞില്ല. ജി.ഡബ്ല്ളിയു.ഡിയു ടെ സഹാ യത്തോടെ വാല്യൂവേഷൻ നടത്തി പേ മെന്റ് നൽകാം |
| 6 | 106/22 | കൊളുമ്പ് മണ്ഡപംകടം സബ്ബ് സെന്റർ മെയിന്റനൻസ് | 2019-20 | ഉണ്ട് | ” | പ്രവൃത്തി പൂർത്തീകരിച്ച് 17.08.2020 ന് പാർട്ട് ബിൽ തുകയായ 1,06,929 രൂപ അനുവദിച്ചിട്ടുണ്ട്. | അപാകതകൾ കാണാൻ കഴിഞ്ഞില്ല |
| 7 | 107/22 | വട്ടെക്കാട് GUP സ്കൂളിന് തുറന്ന കിണർ | 2019-20 | ഉണ്ട് | ” | തുറന്ന കിണർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് | തുറന്ന കിണർ പ്രവൃത്തിയിൽ അപാകതകൾ കാണാൻ കഴിഞ്ഞില്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | 110/22 | പെരുതംകോട് മണ്ഡപംകുടം റോഡ് | 2019-20 | ഉണ്ട് | ,, | പാർശ്വഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട് | പാർശ്വഭിത്തി നിർമ്മാണത്തിൽ അപാകതകൾ കാണപ്പെട്ടുന്നുണ്ട്. ഈ അപാകതകൾ പരിഹരിച്ച ശേഷം പുതിയതായി അളവെടുത്ത് പേമെന്റ് നൽകാവുന്നതാണ്. |

1) എം. ബുക്ക് ലഭ്യമല്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 1 മുതൽ 5 വരെ (5 എണ്ണം) പി.ഡബ്ളിയു ഡി മാന്വൽ, ഡി കോഡ് പ്രകാരം നടപടികൾ സ്വീകരിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നു ക്വാളിറ്റി & ക്വാൺടിറ്റി പരിശോധന റിപ്പോർട്ട് പ്രകാരം ബിൽ നൽകാവുന്നതാണ്. എന്നാൽ മേൽ പട്ടികയിൽ പ്രതിപാദിച്ച ക്രമ നം. 3 ലെ പ്രവൃത്തി പൂർണ്ണമായും തകർന്ന അവസ്ഥയിൽ ആയതിനാൽ ബിൽ പേമെന്റ് നൽകുക എന്നത് പ്രയാസകരമാണ്.

2) മുകളിൽ സൂചിപ്പിച്ച പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് സൈറ്റും, ഫയലുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഗുരുതരമായ വീഴ്ചകൾ വരുത്തിയിട്ടുണ്ട്.

**നടപടി:- 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)**

**2.4 ഖണ്ഡിക 4.21**

**ചെറുതാഴം ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.02.2022 ലെ കത്തും ചെറുതാഴം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.11.2021 ലെയും 06.06.2021 – ലെയും തീരുമാനവും (SRG 235/22 – CC/140/22)**

***പ്രോ.നം: 150/2018*** ***അടങ്കൽ - 57,00,000/- രൂപ***

***(സി.എഫ്.സി ബേസിക് ഗ്രാന്റ് – 10,52,500/- രൂപ***

***ജില്ലാപഞ്ചായത്ത് വിഹിതം – 25,00,000/- രൂപ***

***തനത് ഫണ്ട് – 21,47,500/- രൂപ))***

***പേര് : അത്തിപ്പറമ്പ് ശ്മശാനം നിർമ്മാണം***

മുകളിൽ പറഞ്ഞ പ്രോജക്റ്റ് 2017-18 വാർഷിക പദ്ധതിയിലാണ് എടുത്തത്. പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്റ്റ് SILK മുഖേനയാണ് നടപ്പാക്കിയത്. കഴിഞ്ഞ വർഷം പൂർത്തിയാക്കി. ഇതിനകം രണ്ടു ഗഡുക്കളായി 32,83,119/- രൂപ നൽകി. ഇതിന്റെ ഫൈനൽ ബിൽ തയ്യാറാക്കാനായി അസിസ്റ്റന്റ് എഞ്ചിനീയറെ ഏല്പിച്ചുവെങ്കിലും സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ലഭ്യമല്ലാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിച്ചില്ല. ടെണ്ടർ നടപടി കൂടാതെയാണ് SILK നെ നിർവ്വഹണത്തിനായി ഏല്പിച്ചത്. അതിനാൽ ചെയ്ത നടപടിക്ക്

സാധൂകരണം നൽകി ബാക്കി തുക കൂടി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**SILK** ഇത്തരം പ്രോജക്ട് ചെയ്യുന്നതിന്റെ പി.എം.സി മാത്രമാണ്. പ്രവർത്തി നേരിട്ടേൽപ്പിച്ചതും എസ്റ്റിമേറ്റ് ലഭ്യമല്ല എന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. യോഗ്യതയില്ലാതെ **SILK** പ്രവർത്തി നേരിട്ട് സ്വീകരിച്ചതും വീഴ്ചയാണ്. ഓഡിറ്റ് കുറിപ്പുണ്ടോ എന്നതടക്കമുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്** - സാങ്കേതികാനുമതി ലഭ്യമായതിന്റെ രേഖകളോ എസ്റ്റിമേറ്റോ ഫയലിൽ ലഭ്യമല്ല. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. പ്രോജക്ട് രൂപീകരണ ഘട്ടത്തിലോ നിർവ്വഹണ ഘട്ടത്തിലോ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടം ഉണ്ടായിട്ടില്ല. പ്രവൃത്തി പൂർത്തീ കരിച്ചതിനുശേഷം സിൽക്ക് തയ്യാറാക്കിയ മെഷർമെന്റ് ബുക്ക് ചെക്ക് മെഷർ ചെയ്യുന്നതിന് മാത്രമാണ് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടത്.

എംപാനൽ ചെയ്ത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികളിലൂടെ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനു പകരം സിൽക്കിനെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ലെന്നും നിർമ്മാണ പ്രവർത്തനത്തിന്റെ മൂല്യനിർണ്ണയം നടത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്യാസ് ക്രിമിറ്റോറിയം പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്നും ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നുവെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**നടപടി:- (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

## 2.4 ഖണ്ഡിക 4.38

**പത്തനംതിട്ട ജില്ലാ ആസൂത്രണ സമിതി** – KWA **ഡിപ്പോസിറ്റ് തുകയുടെ ഉപയോഗം**

തദ്ദേശഭരണസ്ഥാപനങ്ങൾ കുടിവെള്ള പ്രോജക്ടുകൾക്കായി തുക KWAയിൽ ഡെപ്പോസിറ്റ് ചെയ്യാറുണ്ട്. KWA യിൽ പുതിയ റേറ്റ് നിലവിൽ വന്നപ്പോൾ ഡെപ്പോസിറ്റ് ചെയ്ത തുക തികയാതെ വരുന്നു എന്ന് ജില്ലാതല അവലോകനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ KWA ഈ തുക അതതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നുണ്ട്. ഒരിക്കൽ ചെലവായി രേഖപ്പെടുത്തിയതാണ് ഈ തുക എന്നതിനാൽ മാനദണ്ഡപ്രകാരം സർക്കാരിലേക്ക് അടയ്ക്കണം. ജലജീവൻ പദ്ധതിക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് KWA

തിരികെ നൽകുന്ന വിഹിതം ജലജീവൻ പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതമായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

എസ്റ്റിമേറ്റിന്റെയും എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണെങ്കിൽ KWA ഇങ്ങനെ തിരികെ നൽകുന്നത് ശരിയല്ല. ഇങ്ങനെയുള്ള പ്രവൃത്തികളുടെ ലിസ്റ്റ് (തുക അടച്ച വർഷം, തുക അടച്ചത് എസ്റ്റിമേറ്റിന്റേയും എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണോ, അടച്ച തുക എത്ര? ഈ വിവരങ്ങൾ ഓരോ പ്രവൃത്തിയും തിരിച്ച്) തദ്ദേശഭരണസ്ഥാപനം തിരിച്ചു ശേഖരിച്ചു നൽകാൻ പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറോട് നിർദ്ദേശിക്കുന്നു. ഈ വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം. ഇങ്ങനെ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ നൽകുന്നു എന്ന് KWA ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം നൽകണം. ഇപ്രകാരം ലഭ്യമാകുന്ന തുക തദ്ദേശസ്വയംഭരണസ്ഥാപന വിഹിതമായി കണക്കാക്കുന്നതിലും അഭിപ്രായം രേഖപ്പെടുത്തണം.

ഇത് സംബന്ധിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസ് നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**റിപ്പോർട്ട്**- പത്തനംതിട്ട ജില്ലയിലെ 16 തദ്ദേശഭരണസ്ഥാപനങ്ങൾക്ക് KWA യിൽ പുതിയ റേറ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ഡിപ്പോസിറ്റ് ചെയ്ത തുക തികയാതെ വന്നതിനാൽ ഡിപ്പോസിറ്റ് തുക തിരികെ നൽകുകയുണ്ടായി. 16 തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 38 പ്രവൃത്തികൾക്കായി 60,76,750 രൂപ KWA യിൽ ഡിപ്പോസിറ്റ് ചെയ്തു. ഈ തുക മുഴുവൻ തിരികെ നൽകിയിട്ടുണ്ട്. KWA ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓരോ തദ്ദേശഭരണസ്ഥാപനത്തിനും നൽകിയ കത്തുകളും ഇതോടൊപ്പം ഉണ്ട്. ഇതിൽ 7 ഗ്രാമപഞ്ചായത്തുകളുടെ 9 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വയ്ക്കാതെയാണ് തുക ഡിപ്പോസിറ്റ് ചെയ്തത്.

ഈ തുക മറ്റൊരു പ്രോജക്ടിനായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, KWA യിൽ തിരികെ ഒടുക്കി ജലജീവൻ മിഷൻ പദ്ധതിയുടെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ (ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ അവ നിർദ്ദേശി ക്കുന്ന ഗ്രാമപഞ്ചായത്തിന്റെ) വിഹിതമായി കണക്കാക്കുന്നതിനുള്ള സാധ്യത പരിഗണിയ്ക്കണമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2.4 ഖണ്ഡിക 4.46**

**കുരോപ്പട ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.02.2022 ലെ കത്തും കുരോപ്പട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.10.2022 ലെ 1/9-ാം നമ്പർ തീരുമാനവും (SRG 186/22- CC /112/22)**

താഴെപ്പറയുന്ന 10 പ്രവർത്തികൾ 2020-21 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. സാങ്കേതിക അനുമതി കൂടാതെ ഇവ ടെണ്ടർ ചെയ്ത് പ്രവർത്തി പൂർത്തീകരിച്ചു. ഈ പ്രവർത്തികൾക്ക് തുക നൽകുന്നതിന് "പൂർത്തീകരിച്ച പദ്ധതി കൾക്ക് തുക നൽകൽ" എന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കി തനതുഫണ്ടുപയോഗിച്ച് തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**പ്രോജക്ടുകളുടെ വിശദവിവരങ്ങൾ**

| **ക്രമ നമ്പർ** | **പ്രോജക്ട് നമ്പർ** | **പേര്** | **അടങ്കൽ തുക (രൂപ)** | **വിഹിതം** |
|---|---|---|---|---|
| 1 | 89/21 | ദളപതി റോഡ് പുനരുദ്ധാരണം | 2,00,000/- | സി.എഫ്.സി |
| 2 | 107/21 | എസ്.എൻ.പുരം പതാലിപ്പടി റോഡ് കോൺക്രീറ്റിംഗ് | 2,00,000/- | തനതുഫണ്ട് |
| 3 | 139/21 | കുരോപ്പട തോട്ടപ്പള്ളി റോഡിൽ കാരിമലപ്പടി ഭാഗത്ത് സൈഡ് കെട്ട് | 75,000/- | സി.എഫ്.സി |
| 4 | 162/21 | പങ്ങട എ.വി.എസ്. പാചകപ്പുര നവീകരണം | 3,00,000/- | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 5 | 167/21 | പറയരുകുന്ന് അങ്കണവാടി മെയിന്റനൻസ് | 4,00,000/- രൂപ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 6 | 171/21 | ഇടയ്ക്കാട്ടുകുന്ന് അങ്കണവാടി നവീകരണം | 2,75,000/- | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 7 | 176/21 | 17-ാം വാർഡ് ഗ്രാമകേന്ദ്രം പൂർത്തീകരണം | 3,54,792/- | സി.എഫ്.സി |
| 8 | 93/21 | കലയത്തോലി – പുലികുന്ന് റോഡ് കോൺക്രീറ്റിംഗ് | 6,15,681/- | സി.എഫ് സി & മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 9 | 226/21 (202/20) | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്ക് ടാങ്ക് ഉയർത്തി സ്ഥാപിക്കൽ | 45,000/- | തനതുഫണ്ട് |
| **10** | 81/21 (205/20) | ചെമ്പകപ്പടി – അന്തേരിപ്പടി റോഡിൽ കലുങ്ക് നിർമ്മാണം | 3,00,000/- രൂപ | തനത്ഫണ്ട് |
| | | **ആകെ** | **27,65,473/- രൂപ** | |

പത്തുപ്രോജക്ടുകൾ സാങ്കേതികാനുമതി കൂടാതെ പ്രവൃത്തി ചെയ്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇതുവിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്** – മുകളിൽ പറഞ്ഞവയിൽ ക്രമ നമ്പർ 2 ആയ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ വെറ്റിംഗ് നടത്താതെയാണ് പൂർത്തിയാക്കിയത്. ഇതിന്റെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. ഇത് വെറ്റിംഗ് നടത്തിയ ശേഷം 2022-23 വർഷം സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ബിൽ നൽകാവുന്നതാണ്.

ക്രമ നമ്പർ 8,9,10 എന്നിവയ്ക്ക് സാങ്കേതികാനുമതിയും അംഗീകാരവും ലഭിച്ചിട്ടുണ്ട്. 2020-21 ൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്താൻ വിട്ടു പോയി. ഇതിന്റെ അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. ഇത് 2022-23 വർഷത്തെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകാവുന്നതാണ്.

ക്രമ നമ്പർ 1,3,4,5,6,7 എന്നീ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ഇല്ലാതെ പദ്ധതി നിർവ്വഹണം തുടങ്ങിയതാണ്. ഇതിൽ 4 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ക്രമ നമ്പർ 6,7 എന്നിവ ഭാഗികമായി പൂർത്തീകരിച്ചു. ഈ പ്രവൃത്തികളുടെ അളവുകൾ തുടക്കത്തിൽ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറെ കൂടി ഉൾപ്പെടുത്തി കൊണ്ട് വാല്യുവേഷൻ നടത്തി തുക നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)**

**2.4 ഖണ്ഡിക 4.51**

**മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ**

**മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ** (MRDF) **ചെയർമാന്റെ 02.02.2022 ലെ കത്ത് (SRG 212/22)**

ഇന്ത്യൻ ട്രസ്റ്റ് ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) വിവിധ ഇനം കാലിതീറ്റകൾ, ഫാം മെഷ്യനറികൾ, ഭക്ഷ്യ ഉല്പന്നങ്ങൾ, റ്റി.എം.ആർ. (Total Mix Ration) കാലിതീറ്റ, ചാണകപ്പൊടി എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഭക്ഷ്യ ഉല്പന്നങ്ങൾ സ്വയം നിർമ്മിക്കുന്നവയും ഉണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് മുകളിൽ പറഞ്ഞവ MRDF ൽ നിന്ന് നേരിട്ടു വാങ്ങാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

MRDF-ന്റെ ഉല്പന്നങ്ങളുടെ ഗുണമേന്മയും വിലയും പരിശോധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ടു നൽകണം. ഇതിനായി പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ**
**പഞ്ചായത്ത് ഡയറക്ടർ**
**(തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്)**

**2.4 ഖണ്ഡിക 4.55**

**മലപ്പുറം ജില്ലാ പഞ്ചായത്ത്**

**ബഹു. രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബിന്റെ 08.02.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2022 ലെ DPM/MPM/10/2021-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2022 ലെ 111/2021-22/ DPC/DPO/MPM നമ്പർ കത്തും (SRG 160/22 – SRG /**272**/2022)**

മലപ്പുറം ജില്ലയിൽ ഭൂജലവകുപ്പ മുഖേന കുടിവെള്ള പ്രോജക്ട നടപ്പാക്കുന്നുണ്ട്. കുഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വേണം. എന്നാൽ വകുപ്പിലെ ജീവനക്കാരുടെ കുറവുമൂലം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകുന്നു. ഈ സാഹചര്യത്തിൽ ഭൂജല വകുപ്പിൽ നിന്നു വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ജില്ലാ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കണമെന്നും ഇവരുടെ മേൽനോട്ടത്തിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സംബന്ധിച്ച്.

ഈ നിർദ്ദേശം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മേധാവിയോടാവശ്യപ്പെടുന്നു. ഇതിനായി പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്**
**3) പഞ്ചായത്ത് ഡയറക്ടർ**
**(തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)**

**2.4 ഖണ്ഡിക 4.64**

**വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.2022 ലെ Plg.50/2021-22/**DPC/DPO/ **തിരുവനന്തപുരം നമ്പർ കത്തും വാമനപുരം ബ്ലോക്കു പഞ്ചായത്തു സെക്രട്ടറിയുടെ 09.02.2022 ലെ** BP2 -/439/22/VPM **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ യോഗതീരുമാനവും (SRG 291/22)**

വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും വനാതിർത്തി പങ്കിടുന്നതുമായ താഴെപ്പറയുന്ന പഞ്ചായത്തിൽ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തി ചെയ്തു ഉപജീവനം നടത്തുന്നവരാണ്. ഇവിടെ കാട്ടുപന്നി, കരടി, കുരങ്ങു മുതലായ വന്യമൃഗങ്ങളുടെ ശല്യം ഉണ്ട്. അത് പരിഹരിക്കുന്നതിനായി വാമനപുരം ബ്ലോക്ക് പഞ്ചായത്തും താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളും സോളാർ ഫെൻസിംഗ്

സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സംയുക്തമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| **ക്രമ നം** | **തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്** | **പ്രോജക്ട് നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക (വികസനഫണ്ട് -ജനറൽ)** |
|---|---|---|---|---|
| 1 | നെല്ലനാട് ഗ്രാമപഞ്ചായത്ത് | 22/22 | സോളാർ ഫെൻസിംഗ് | 7,70,000/- രൂപ |
| 2 | പാങ്ങോട് ഗ്രാമപഞ്ചായത്ത് | 2/22 | വന്യമൃഗങ്ങളിൽ നിന്ന് കാർഷിക വിളകളെ രക്ഷിക്കുന്നതിനായി സൗര വേലി നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് | 11,70,000/- രൂപ |
| 3 | പെരിങ്ങമല ഗ്രാമപഞ്ചായത്ത് | 6/22 | സോളാർ ഫെൻസിംഗ് | 4,80,000/- രൂപ |
| 4 | വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 80/22 | കൃഷിയിടങ്ങളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം ഫെൻസിംഗിന് വിഹിതം നൽകൽ | 2,00,000/- രൂപ |

സോളാർ വേലി സ്ഥാപിക്കുന്നതിനുള്ള അംഗീകൃത നിരക്ക് അനർട്ട് ഉൾപ്പെടെയുള്ള ഒരു സ്ഥാപനത്തിലും ലഭ്യമല്ല. കൂടാതെ പ്രസ്തുത പ്രവർത്തിക്ക് ബാധകമായ സബ്സിഡി നിരക്ക് എത്രയാണെന്ന് മാർഗ്ഗരേഖയിലും ഇല്ല. അതിനാൽ ഇതിന്റെ അംഗീകൃത നിരക്കും സബ്സിഡി നിരക്കും നിശ്ചയിച്ച് നൽകണമെന്ന തിരുവനന്തപുരം ജില്ലാ കളക്ടറുടെ ആവശ്യം 11.01.2022 ലെ യോഗം പരിഗണിച്ചിരുന്നു. ഫെൻസിംഗ് നടത്താനുദ്ദേശിക്കുന്ന പ്രദേശത്തെ വിശദാംശം നൽകുമ്പോൾ നിരക്കും നിശ്ചയിച്ച് നൽകാൻ വനം വകുപ്പ് / അനെർട്ടിനു നൽകാൻ 11.01.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു.

ഇതനുസരിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർ വിശദാംശം നൽകി.

| **ക്രമ നമ്പർ** | **ഗ്രാമപഞ്ചായത്ത് (കൃഷിഭവൻ)** | **വിളയുടെ പേര്** | **സോളാർ ഫെൻസിംഗ് ചെയ്യേണ്ടുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ)** | **കർഷകരുടെ എണ്ണം** |
|---|---|---|---|---|
| 1 | പാങ്ങോട് | മരച്ചീനി – 53 ha | 109 | 391 |

| | | | | |
|---|---|---|---|---|
| | | വാഴ – 35 ha<br>പച്ചക്കറി – 21 ha | | |
| 2 | നെല്ലനാട് | വാഴ – 100 ha<br>മരച്ചീനി – 50 ha<br>പച്ചക്കറി – 50 ha<br>നെല്ല് – 5 ha | 205 | 520 |
| 3 | പെരിങ്ങമ്മല | വാഴ – 10 ha<br>പച്ചക്കറി – 5 ha<br>മറ്റ് വിളകൾ - 50 ha | 65 | 140 |
| | ആകെ | | 379 | 1051 |

Type of Solar Fencing

**Fencing using**

1. Concrete Poles (2-3”)
2. GI Pipes (1.5”)

Height – 7 feet

Battery – 80 – 120 Ah

**Panel**

1) Poly Crystalline
2) Mono Crystallin

**Fencing using**

1) GI Wire
2) Fencing Wire

No. of wires between Poles – 4-5

ഇതിന്റെ സിവിൽവർക്കു സംബന്ധിച്ച നിരക്ക് തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. സൗരോർജ്ജം ഉപയോഗിക്കുന്നതിന്റെ നിരക്കും മറ്റു വിശദാംശങ്ങളും അനെർട്ടിന്റെ സഹായത്തോടെ തയ്യാറാക്കാനും ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – സോളാർവേലി സ്ഥാപിക്കുന്നതിന് കിലോമീറ്ററിന് ഏകദേശം 2,50,000 രൂപയാകും. സോളാർ വേലി സ്ഥാപിച്ചാൽ അതിന്റെ പരിപാലനത്തിന് പഞ്ചായത്ത് തന്നെ ഒരു നിരീക്ഷണ സമിതി രൂപീകരിച്ച് ദിവസേനയുള്ള പരിപാലനം നടപ്പാക്കേണ്ടതാണ്. സോളാർ വേലിയ്ക്ക് സമീപം ഉണ്ടാകുന്ന ചെറിയ കളയോ, പുല്ലോ വരെ ദിവസേന നീക്കം ചെയ്തില്ലെങ്കിൽ സോളാർവേലിയുടെ കാര്യക്ഷമതയെ ബാധിക്കും. ഇത് വേലിയുടെ പ്രവർത്തന ശേഷി കുറയ്ക്കുന്നതായിരിക്കും. കൃഷി സ്ഥലത്ത് പൊതു

ഗതാഗതത്തിന് മൂന്ന് മീറ്ററും നടവഴിയാണെങ്കിൽ ഒരു മീറ്ററും വീതിയിൽ ഗേറ്റ് സോളാർ വേലിയിൽ ഉണ്ടായിരിക്കണം. അനെർട്ട് ഇതിനുള്ള എസ്റ്റിമേറ്റ് മാത്രമാണ് നൽകുക. നിർമ്മാണ പ്രവർത്തികൾ അനെർട്ട് നടത്തുന്നതല്ല. ഏജൻസിയെ തെരഞ്ഞെടുത്ത് ടെണ്ടർ നടപടിയിലൂടെ പഞ്ചായത്ത് തന്നെ നേരിട്ട് സോളാർ വേലി സ്ഥാപിക്കണം. സോളാർ വൈദ്യുത വേലികൾ കാട്ടുപന്നികളെ പ്രതിരോധിക്കുന്നതിന് നൂറുശതമാനവും ഫലപ്രദമല്ല. കാരണം ഇവ മണ്ണ് തുരന്ന് കൃഷിസ്ഥലത്ത് പ്രവേശിക്കാനുള്ള സാധ്യത വളരെ കൂടുതലുണ്ട്. ആനകളെ പ്രതിരോധിക്കുന്നതിന് പൊതുവായുള്ള ഒരു സ്പെസിഫിക്കേഷനാണിത്. സൗര വേലിയുടെ നീളമനുസരിച്ച് സ്പെസിഫിക്കേഷനും എസ്റ്റിമേറ്റ് തുകയും മാറുന്നതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**<br>
**2)ഡയറക്ടർ, അനെർട്ട്**<br>
**(തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)**

**3. പൊതുവിഷയം**

**(പിന്നീട് നൽകും)**

**4. പ്രത്യേക വിഷയം**

**====================**

**4.1 പഞ്ചായത്ത് ഡയറക്ടർ - HDPE ചെടിച്ചട്ടി.**

**പഞ്ചായത്ത് ഡയറക്ടറുടെ 05.05.2022 ലെ PAN/6090/2022/J1(DP) നമ്പർ കത്തും ശ്രീ.ഫ്രാൻസിസ് വർഗ്ഗീസ് അഴീക്കോട്, തൃശ്ശൂർ എന്നയാൾ CMO പോർട്ടൽ മുഖേന 18.03.2022 ൽ നല്കിയ കത്തും അനുബന്ധ രേഖകളും (SRG 507/22).**

അടുക്കളത്തോട്ടം, ടെറസ്സ് ഗാർഡൻ പച്ചക്കറി കൃഷിക്ക് ഗ്രോബാഗിനു പകരം High Density Polyethylene (HDPE) ചെടിചട്ടി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നാണാവശ്യം. HDPE ചട്ടിയിൽ പോട്ടിംഗ് മിശ്രിതം നിറച്ച് നൽകുമ്പോൾ 300 രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. ഇത് വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നാണാവശ്യം.

**4.2 മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.05.2021 ലെ കത്തും മൂന്നിലവ് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 18.04.2022-ലെ** A2-4/2022-ാാം **നമ്പർ കത്തും (SRG 514/22 – CC/307/22).**

മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ NRHM (ആയുഷ്) ഡിസ്പെൻസറി ഉണ്ട്. ഇവിടെയുള്ള ഡോക്ടർക്ക് NRHM ൽ നിന്നു വേതനം നൽകുന്നുണ്ട്. അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ (ആകെ രണ്ടുപേർ) എന്നിവരെ ഗ്രാമപഞ്ചായത്തിൽ നിന്ന് നിയമിച്ച് പഞ്ചായത്തിൽ നിന്നാണ് വേതനം നൽകുന്നത്. NRHM (ആയുഷ്) ഡിസ്പെൻസറി

ആരംഭിച്ചപ്പോൾ ഡോക്ടറുടെ വേതനം NRHM നിന്നും അറ്റൻഡർ, PTS എന്നിവർക്കുള്ള വേതനം ഗ്രാമപഞ്ചായത്തും നൽകണമെന്നാണ് സർക്കാർ ഉത്തരവായിരുന്നത്.

ഒരു വർഷം ഇതിനായി 3.50 ലക്ഷം രൂപ ചെലവാകുന്നു. ഗ്രാമപഞ്ചായത്തിനു തനതു ഫണ്ടു കുറവാണ്. അതിനാൽ ഇവർക്കുള്ള വേതനം വികസന ഫണ്ടിൽ നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.3 KSEB - നിലാവ് പദ്ധതി**

**K.S.E.B.L ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ 09.03.2022 ലെ No.CP/ Plg2/ NILAAVU/ LED/ Street Lights/2021-22/386 നമ്പർ കത്ത് (SRG 496/22)**

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന നിലാവ് പദ്ധതിയ്ക്ക് 289.82 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി നിർവ്വഹണത്തിന് K.S.E.B യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരിക്കുന്നു. എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (EESL) എന്ന സ്ഥാപനത്തെയാണ് നിലാവ് പദ്ധതിയിൽ എൽ.ഇ.ഡി ബൾബ് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി നിയോഗിച്ചിട്ടുള്ളത്. നിലാവ് പദ്ധതിയിൽ LED സ്ഥാപിക്കുന്നത് രണ്ടു ഘട്ടത്തിലായാണ്. ഒന്നാം ഘട്ടമായി 2 ലക്ഷം LED സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 8.5 ലക്ഷം LED ആണ് സ്ഥാപിക്കേണ്ടത്. ഇതിൽ 1.72 ലക്ഷം LED ക്ക് ഓർഡർ നൽകിയിട്ടുണ്ട്. സ്ട്രീറ്റ് മെയിൻ ഇല്ലാത്തത് LED ലൈറ്റു സ്ഥാപിക്കുന്നതിന് തടസ്സമായി വരുന്നു. നിലാവ് പദ്ധതിയുടെ നടത്തിപ്പിന് താഴെ പരാമർശിക്കുന്ന വിഷയങ്ങളിൽ തീരുമാനത്തിനായി കത്ത് നൽകിയിട്ടുണ്ട്.

- നിലാവ് പദ്ധതിയിൽ പല തദ്ദേശഭരണസ്ഥാപനങ്ങളിലും സ്ട്രീറ്റ് മെയിൻ ലെയിനിന്റെ അഭാവം മൂലം പദ്ധതി നടപ്പാക്കാൻ കഴിയുന്നില്ല. 2020 ൽ നടന്ന പൈലറ്റ് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ 1.62 ലക്ഷം സ്ട്രീറ്റ് ലൈറ്റുകളിൽ സ്ട്രീറ്റ് മെയിനില്ല. 100 രൂപ / മീറ്റർ നിരക്കിൽ 5670 കിലോമീറ്റർ ദൂരം ലൈൻ വലിക്കുന്നതിന് 56.7 കോടി രൂപ ഏകദേശ ചെലവ് വരും. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി സ്ട്രീറ്റ് മെയിൻ ഇല്ലാത്തതു മൂലം LED സ്ഥാപിക്കാൻ സാധിക്കാത്ത ലൊക്കേഷനുകളുടെ കണക്കെടുക്കണം.
- സ്ട്രീറ്റ് മെയിൻ ഇല്ലാത്ത പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് ഫണ്ട് അനുവദിച്ച് K.S.E.B യിൽ ഡെപ്പോസിറ്റ് ചെയ്യണം.
- നിലാവ് പദ്ധതിയുടെ ഭരണാനുമതി ഉത്തരവ് പ്രകാരം 7 വർഷ വാറന്റി കാലാവധിയ്ക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എൽ.ഇ.ഡികളിൽ കേടായ ബൾബുകൾ EES സൗജന്യമായി ലഭ്യമാക്കണം. നിലാവ് പദ്ധതിയുടെ ഒന്നാം ഘട്ടമായി സ്ഥാപിച്ച 2 ലക്ഷം എൽ.ഇ.ഡികളിൽ കേടായവ K.S.E.B / EESL ൽ പുനഃസ്ഥാപിച്ചു വരുന്നു. എൽ.ഇ.ഡികൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഏത്

സ്ഥാപനത്തെ ഏൽപ്പിക്കണമെന്ന് സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

- ഈ പ്രവൃത്തി K.S.E.B.L നെ ഏൽപ്പിക്കുന്ന പക്ഷം കേടായ ഓരോ എൽ.ഇ.ഡിയും മാറ്റി സ്ഥാപിക്കുന്നതിന് ലേബർ ചാർജ്ജ് ആയി 166 രൂപ (+18% GST) നിരക്കിൽ നിർവ്വഹിക്കുന്നതാണ്.
- രണ്ടാംഘട്ടത്തിൽ LED സ്ഥാപിക്കുന്നതിന് MSME കൾക്ക് നിയമാനുസൃതമായ പരിഗണന നൽകണമെന്ന നിർദ്ദേശം സംബന്ധിച്ച്.

## 4.4 കോട്ടയം മുനിസിപ്പാലിറ്റി

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.03.2022 ലെ കത്തും കോട്ടയം നഗരസഭ കൗൺസിലിന്റെ 22.12.2021 ലെ 43-ാം നമ്പർ തീരുമാനവും കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 14.02.22 ലെ** NPW1-10/ **2019-ാം നമ്പർ കത്തും മറ്റ് അനുബന്ധ രേഖകളും (SRG 315/22- CC /171/22).**

നാട്ടകം ഗ്രാമപഞ്ചായത്ത് കോട്ടയം നഗരസഭയുടെ ഭാഗമാകുന്നതിനു മുമ്പ് ചിങ്ങവനം കുടിവെള്ള പദ്ധതിക്ക് 2004-05 ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇപ്പോൾ ഈ പ്രദേശം കോട്ടയം നഗരസഭയുടെ ഭാഗമാണ്. പമ്പ് ഹൗസിൽ നിന്നും വാട്ടർ ടാങ്കിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ തുക ഇനിയും നൽകാനുണ്ട്. പാർട്ട് ബിൽ ആയി 88,726 രൂപ നൽകിയിട്ടുണ്ട്. പൈപ്പ് ലൈനിനു മുകളിലൂടെ ടാറിംഗ് നടന്നതിനാൽ വാല്യുവേഷൻ എടുക്കാൻ കഴിയുന്നില്ല. ആകെ 4738 മീറ്റർ ദൂരമാണ് പൈപ്പ്ലൈൻ ഉള്ളത്. ഇതിൽ 2000 മീറ്ററിന്റെ വാല്യുവേഷൻ എടുത്തു. ഇതനുസരിച്ച് 3,50,024 രൂപയാണ് വാല്യുവേഷൻ തുക. 4738 മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചതിന്റെ വാല്യുവേഷൻ തുകയിൽ നിന്നു അതിന്റെ പാർട്ട് ബിൽ തുകയായ 88,726 രൂപ കഴിഞ്ഞ് ബാക്കി തുക കരാറുകാരന് അനുവദിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ഈ പ്രോജക്ടിന്റെ എം.ബുക്ക് അടക്കം മറ്റു വിശദാംശങ്ങൾ ഒന്നും തന്നെ ലഭ്യമല്ല.

## 4.5 കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

**ബഹു.കോട്ടയ്ക്കൽ എം.എൽ.എയുടെ 28.02.2022 ലെ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.03.2022 ലെ കത്തും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.2022 ലെ** A2-960/2022-**ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 383/**22 – **LSGD / FM3/36/2022 – LSGD, SRG 361/22- CC/234/22)**

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ മുപ്പതിൽപരം കുടിവെള്ള പദ്ധതിയുണ്ട്. ഇതിന്റെ നടത്തിപ്പിൽ പമ്പ് ഓപ്പറേറ്റർക്ക് വേതനം, കറണ്ടു ചാർജ്ജ് എന്നീ ഇനങ്ങളിലായി 1.90 കോടി രൂപ മുൻ വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവിധ ഓഡിറ്റ് കുറിപ്പുകളുമുണ്ട്. കുടിവെള്ള പദ്ധതി നടത്തിപ്പിനായി തുക ചെലവഴിച്ചതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

## 4.6 മങ്കട ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.2022, 08.05.2022 തീയതികളിലെ കത്തുകളും, KWA മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.04.22 ലെ AB2/5461/09-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.03.2022 ലെ (ഖണ്ഡിക 4.39) യോഗതീരുമാനവും (SRG 531/22 – CC/315/2022)**

മങ്കട ബ്ലോക്ക പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കാൻ ജലജീവൻ മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ആകെ 184.00 കോടി രൂപയാണ് അടങ്കൽ. ഈ പദ്ധതിയ്ക്കായി ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം തദ്ദേശഭരണസ്ഥാപനം വാങ്ങി നൽകണം. ഇതിനായി മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മോദിക്കയത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വിലനിർണ്ണയിച്ച് നൽകാൻ റവന്യൂ അധികാരികളോട് നിർദ്ദേശിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് 2017-18 മുതൽ 2020-21 വരെ വിവിധ (13 എണ്ണം) കുടിവെള്ള പ്രോജക്ടുകൾക്കായി ആകെ 71,12,895/- രൂപ KWA യിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ തുക ട്രീറ്റ്മെന്റ് പ്ലാന്റിനു സ്ഥലം വാങ്ങുന്നതിന് ഉപയോഗിക്കാൻ ബ്ലോക്ക പഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിരുന്നു.

തുക തിരികെ ലഭിക്കാൻ സാധ്യത ഉണ്ടോ എന്ന് ആരാഞ്ഞ് KWA മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം നൽകാൻ 11.03.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ചു KWA എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-വരെ KWA മുഖേന നടപ്പാക്കിയ ഡിപ്പോസിറ്റ് പ്രവർത്തികളുടെ ബാക്കി തുക തിരികെ നൽകുന്നതിന് തയ്യാറാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു.

## 4.7 കൊരട്ടി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ്ഓഫീസറുടെ 06.04.2022 ലെ കത്തും കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.03.2022 ലെ C3/12350/2021-ാം നമ്പർ കത്തും (SRG 459/22 – CC/**290**/2022)**

കൊരട്ടി ഗ്രാമപഞ്ചായത്തിൽ നാലുകെട്ട് ഇരട്ടച്ചിറ, പൊങ്ങം സ്കീമുകളിൽ നിന്ന് വേനൽകാലത്ത് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം KWA അധിക ഷിഫ്റ്റ് നടത്തി. ഇതിനായി പമ്പ് ഓപ്പറേറ്ററുടെ ദിവസവേതനം ഗ്രാമപഞ്ചായത്ത് നൽകി. കൂടുതൽ ഗാർഹിക കണക്ഷനുകൾ അനുവദിച്ചതുമൂലം ഗ്രാമപഞ്ചായത്തിലെ പല ഉയർന്ന പ്രദേശങ്ങളിലും കുടിവെള്ളം ലഭിക്കാതെ വന്നു. തുടർന്ന് 2021 ജൂൺ മുതൽ 2021 നവംബർ വരെ KWA അഡീഷണൽ ഷിഫ്റ്റ് തുടരുകയുണ്ടായി. ഇതിന്റെ വേതനം നൽകുന്നതിനായി KWA 85,388 രൂപയുടെ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ തുക തനതുഫണ്ടിൽ നിന്നു നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.8 കുറുവ ഗ്രാമപഞ്ചായത്ത്

**കുറുവ ഗ്രാമപഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ 20.10.2021 ലെ കത്തും കുറുവ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.04.21 ലെ 8(1)-ാം നമ്പർ തീരുമാനവും (SRG 381/22 – DB4/154/2021 - LSGD).**

കുറുവ ഗ്രാമപഞ്ചായത്തിൽ ആറാം വാർഡിൽ ഉള്ള എം.എൻ. ലക്ഷം വീട്ട കോളനിയിൽ 7 കുടുംബങ്ങൾ ഇരട്ട വീടുകളിൽ താമസിച്ചുവരുന്നുണ്ട്. ആകെ 10 കുടുംബങ്ങൾക്ക് താമസിക്കാവുന്ന ഇരട്ടവീടുകൾ ഇവിടെയുണ്ട്. ഈ വീടുകൾ താമസയോഗ്യമല്ല. അതിനാൽ ഇവ ഒറ്റ വീടുകളാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

### 4.9 ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2020 ലെ കത്തും ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.02.2022 ലെ 1(7)-ാം നമ്പർ തീരുമാനവും ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത സെക്രട്ടറിയുടെ 03.03.2022 ലെ C1-773/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 366/22 – CC/203/2022)**

| ***പ്രോ.നം: 248/22*** | ***അടങ്കൽ*** | ***8,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *1,00,000രൂപ* |
| | *സംസ്ഥാന വിഹിതം* | *2,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *2,20,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *80,000 രൂപ* |
| | *ലോൺ* | *2,00,000 രൂപ* |
| ***പേര്*** | ***എസ്.റ്റി.ഭവന നിർമ്മാണം*** | |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന താഴെ പറയുന്ന കുടുംബങ്ങൾ ഭവനനിർമ്മാണ ത്തിനുള്ള ലൈഫ് ലിസ്റ്റിൽ ഉണ്ട്. കൂട്ടവകാശമുള്ള (ഗുണഭോക്താക്കളുടെ മാതാവിൽ നിന്നും ലഭിച്ചത്) 4 സെന്റ് ഭൂമിയിൽ ഇവർ 50 വർഷമായി താമസിച്ചുവരുന്നു.

1) ശ്രീ.മോനായി ചാക്കോ
2) ശ്രീ. പൗലോസ് ചാക്കോ
3) ശ്രീമതി കുഞ്ഞുമോൾ തങ്കച്ചൻ

ഇവർ പ്രത്യേകമായി സ്ഥലം വാങ്ങി വീട്ട വച്ച് താമസിക്കാൻ ഉദ്ദേശിക്കുന്നില്ല. മൂന്നു കുടുംബത്തിനും ഒറ്റ റേഷൻകാർഡാണ് ഉള്ളത്. ഓരോ കുടുംബത്തിനും (3 കുടുംബം) പ്രത്യേകം വാതിലും അടുക്കളയും കിടപ്പുമുറിയും ശൗചാലയവും ഉൾപ്പെടുത്തിയുള്ള പ്ലാൻ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. നാലു സെന്റ് ഭൂമിയിൽ ഒറ്റനിലയിലാണ് വീട്ട നിർമ്മിക്കുന്നത്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.10 കുന്നംകുളം നഗരസഭ

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2022 ലെ കത്ത് (SRG 394/22 – CC/257/22, SRG 393/22 – CC/ 258/22))**

| | | |
|---|---|---|
| *i) പ്രോ.നം: 335/22* | ***അടങ്കൽ*** | *91,42,313 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | *PMAY **ഭവന പദ്ധതി – ലൈഫ് (ജനറൽ)*** | |

| | | |
|---|---|---|
| *ii) പ്രോ.നം: 336/22* | ***അടങ്കൽ*** | *35,06,563 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | *PMAY **ഭവന പദ്ധതി – ലൈഫ് (ജനറൽ)*** | |

മുകളിൽ പറഞ്ഞ *PMAY* ഭവന പദ്ധതിക്കുള്ള പ്രോജക്ടുകളിൽ തനതുഫണ്ടാണ് വകയിരുത്തിയിരുന്നത്. കൊവിഡിന്റെ കൂടി പശ്ചാത്തലത്തിൽ നഗരസഭയ്ക്ക് തനതുഫണ്ട് കുറവാണ്.

2008 – 09 ൽ നടപ്പാക്കിയ ഇ.എം.എ സ് ഭവന പദ്ധതിയ്ക്കായി നഗരസഭയുടെ വികസനഫണ്ടിൽ നിന്ന് അധികമായി 91,42,313 രൂപ ജില്ലാ സഹകരണ ബാങ്കിൽ അടച്ചു. ഈ തുക എസ്.ബി.ഐയിൽ ഫിക്സഡ് ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ലക്ഷം വീട് പദ്ധതിക്കായി നഗരസഭ മാറ്റി വച്ച തുകയിൽ (വികസനഫണ്ട്) 35,06,563 രൂപ ബാക്കി വന്നു. ഇത് യൂണിയൻ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ആകെ തുക 1,26,48,876 രൂപ. ഈ തുക മുകളിൽ പറഞ്ഞ പ്രോജക്ടുകളിൽ വകയിരുത്തിരിക്കുന്ന തനതുഫണ്ടിനു പകരം ഉപയോഗിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു.

## 4.11 ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 – ലെ കത്തും ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.09.2021 ലെ 7(1)-ാം നമ്പർ തീരുമാനവും (SRG 360/22 – CC/223/22)**

താഴെപറയുന്ന നാലുകുടുംബങ്ങളുടെ വീടുകൾ ഇടിഞ്ഞു വീഴാറായതും വാസയോഗ്യ മല്ലാത്തതും ആണ്. ഇവർ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല.

1) ശ്രീമതി ലാലി, തത്തക്കാട്, കോട്ടവാസൽ
2) ശ്രീമതി സുമതി തുളസി, ഈട്ടിവിള വീട്, ഊളൻകാട്
3) ശ്രീമതി ജോമിയ തോമസ്, പോത്തനാമല
4) ശ്രീമതി ഫാത്തിമ ബീവി, പള്ളിവാസൽ, അച്ചൻകോവിൽ

ഈ കുടുംബങ്ങൾക്ക് വികസനഫണ്ട് / തനതു ഫണ്ടു ഉപയോഗിച്ച് വീട്ടു പുനർ നിർമ്മാണം എന്ന പേരിൽ ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.12 പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – ലൈഫ് മിഷൻ**

**ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.03.2022 ലെ** LM7/3369/2021- **ലെ കത്ത് (SRG 410/22** )

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ കൂടി കടന്നു പോകുന്ന മുളങ്കുഴ – പന്നിമറ്റം – ചിങ്ങവനം റോഡിന്റെ വശത്തെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന് ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരുന്നു. **(WP(c) 41283/2017).** ഈ റോഡിന്റെ വശത്ത് അനധികൃതമായി കയ്യേറിയ സ്ഥലം മൂന്നുമാസത്തിനുള്ളിൽ അളന്നു തിട്ടപ്പെടുത്തി തുടർന്ന് മൂന്നു മാസത്തിനുള്ളിൽ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടി തദ്ദേശഭരണസ്ഥാപനം സ്വീകരിക്കണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ കാരമൂട് പുറമ്പോക്ക് നിവാസികളായ നാട്ടകം പുതവൽ ശ്രീ സുരേന്ദ്രൻ, നാട്ടകം ഉറുവോത്ത് ശ്രീ പൗലോസ് എന്നിവരെ ഈ സ്ഥലത്തു നിന്നു ഒഴിപ്പിച്ച് പുനരധിവസിപ്പിക്കണം. ബഹു ഹൈക്കോടതിയിൽ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിട്ടുള്ളതിനാൽ അടിയന്തിരനടപടി സ്വീകരിക്കേണ്ടതുണ്ട്. അതിനാൽ മുകളിൽ പറഞ്ഞ രണ്ടു പേർക്ക് ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.13 വെളിയം ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.05.2022 ലെ കത്ത് (SRG 310/22)**

ലൈഫ് ഭവനപദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ശ്രീമതി രജിത, മുകളുവിള വീട്, കൊട്ടറ എന്ന ആൾ ബഹു. മുഖ്യമന്ത്രിയുടെ സാന്ത്വന സ്പർശം ജില്ലാതല പരാതിപരിഹാര അദാലത്തിന് അപേക്ഷ നൽകിയിരുന്നു. ഇവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അർഹയാണെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ടു നൽകിയിട്ടുണ്ട്. എന്നാൽ ഇവർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല.

ശ്രീമതി രജിത ഭിന്നശേഷിക്കാരിയും അവിവാഹിതയുമാണെന്നും വൃദ്ധയായ മാതാവിന്റെ സംരക്ഷണം ഇവർക്കാണെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. നിശ്ചിത സമയത്ത് അപേക്ഷിക്കാൻ വിട്ടുപോയതിനാൽ പ്രത്യേക പരിഗണന നൽകി വീണ്ടും അപേക്ഷിക്കാൻ അവസരം നൽകുകയോ പ്രത്യേകമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ വാടകവീട്ടിലാണ് താമസിക്കുന്നത്. 4.5 സെന്റ് സ്ഥലം സ്വന്തമായുണ്ട്.

**4.14 കാസർഗോഡ് നഗരസഭ**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും കാസർഗോഡ് മുനിസിപ്പൽ കൗൺസിലിന്റെ 20.01.2021 ലെ 1-ാം നമ്പർ തീരുമാനവും (SRG 472/22-CC /292/21).**

കാസർഗോഡ് നഗരസഭയിലെ 20-ാം വാർഡിൽ കരിപ്പൊടി റോഡ് വീതി കൂട്ടുന്നതിന് 18.08.2015 ലെ കൗൺസിൽ തീരുമാനിക്കുകയും (തീരുമാനം നമ്പർ 37) പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 31.08.2015 ലാണ് ടെണ്ടർ ചെയ്തത്. ഇതിന്റെ എസ്റ്റിമേറ്റ് 9.80 ലക്ഷം രൂപയാണ്. ബിൽ തുക 8,85,356 രൂപ. നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം ചെയ്ത പ്രവൃത്തി സാധൂകരിച്ച് ബിൽ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.15 കുംപഡജെ ഗ്രാമപഞ്ചായത്ത്**

**കുംപഡജെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2021 ലെ കത്തും 19.03.22 ലെ** DA**2**/28/2022/**തസ്വഭവ നമ്പർ സർക്കാർ കത്തും (SRG 401/22).**

കുംപഡജെ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ തലബയിൽ നിന്നും മൗവ്വാർ ഭാഗത്തേക്കുള്ള 1135 മീറ്റർ റോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ വക സ്ഥലത്തുകൂടിയാണ് കടന്നു പോകുന്നത്. ഈ റോഡ് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ടാറിംഗ് നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.16 തലക്കാട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.04.2022 ലെ കത്ത് (SRG 461/22 – CC/291/2022)**

| | | |
|---|---|---|
| ***പ്രോ.നം: 112/22*** | ***അടങ്കൽ*** | ***9,78,933 രൂപ***<br>*(വികസനഫണ്ട് – 7,34,200 രൂപ*<br>*ഗുണഭോക്തൃ വിഹിതം – 2,44,733 രൂപ)* |
| ***പേര്*** | ***തെങ്ങുകൃഷി വികസനം*** | |

തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട് ജൈവവളവിതരണത്തിന് 2021-22 വർഷം പ്രോജക്ട് നടപ്പാക്കി. എല്ലുപൊടിയാണ് നൽകിയത്. 2019 ൽ ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റാണ് നിലനിന്നിരുന്നത്. ഇതു പ്രകാരം ഒരു കിലോ ഗ്രാമിന് 32 രൂപയാണ് വില. എന്നാൽ Fertilizer Central Order (FCO) മാനദണ്ഡപ്രകാരം ഗുണനിലവാരമുള്ള എല്ലുപൊടിക്ക് 38 രൂപയാകും. 2021 ഡിസംബർ മാസത്തിൽ തന്നെ എല്ലുപൊടിയുടെ യൂണിറ്റ് കോസ്റ്റ് ഒരു കിലോഗ്രാമിന് 38 രൂപ ആയി നിശ്ചയിക്കണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്ത് നൽകിയിരുന്നു. ഈ നിരക്കനുസരിച്ച് തുക ചെലവഴിച്ചു. എന്നാൽ 07.01.2022 ൽ ജില്ലാതലത്തിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ചത് ഒരു

കിലോഗ്രാമിന് 36 രൂപയായിട്ടാണ്. ഇതു കാരണം 51,522 രൂപ അധികമായി ചെലവായി. അധികമായി തുക ചെലവഴിച്ചതിനു സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. വിതരണം ചെയ്ത വളത്തിന്റെ ഗുണനിലവാരം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര റേഡിയോ ട്രൈസർ ലാബിൽ പരിശോധിച്ച് ഉറപ്പാക്കിയതാണ്.

**4.17 ചൂണ്ടൽ ഗ്രാമപഞ്ചായത്ത്**

**ബഹു.മണലൂർ എം.എൽ.എയുടെ 01.01.2020 ലെ കത്തും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.12.2019-ലെ** A6/3596/19-ാം **നമ്പർ കത്തും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.07.2019 ലെ 1/7-ാം നമ്പർ തീരുമാനവും (SRG 495/2**2 – **LSGD AB**3/2/2020/ – **LSGD)**

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡ് പെരുമണ്ണ് പാടശേഖരസമിതിയുടെ മോട്ടോറും അനുബന്ധ സാമഗ്രികളും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ്. ഇതിന്റെ വൈദ്യുത കുടിശ്ശിഖ 10,322 രൂപയുണ്ട്. ഇത് അടയ്ക്കണമെന്ന് പാടശേഖര സമിതി ആവശ്യപ്പെട്ടതനുസരിച്ച് ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.18 പനത്തടി ഗ്രാമപഞ്ചായത്ത്**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും പനത്തടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.04.2022 ലെ 1/1-ാം നമ്പർ തീരുമാനവും (SRG 469/22- CC /313/2**2).

പനത്തടി ഗ്രാമപഞ്ചായത്തിലെ പാണത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യവകുപ്പിൽ നിന്നു നിയമിച്ച ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫിനൊപ്പം ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടുപയോഗിച്ച് ഒരു ഡോക്ടറേയും രണ്ടു പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ, എൻഡോസൾഫാൻ ബാധിതർ എന്നിവർ ഉള്ള പ്രദേശമായതിനാൽ ഇവിടെ കിടത്തി ചികിത്സ പുനരാംരഭിക്കേണ്ടതുണ്ട്. മുകളിൽ പറഞ്ഞവർക്കൊപ്പം ഒന്നു വീതം ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, അറ്റന്റർ എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അധികമായി 2 ഡോക്ടർ, 4 സ്റ്റാഫ് നേഴ്സ്, 2 ലാബ് ടെക്നീഷൻ, 2 ഫാർമസിസ്റ്റ്, 4 അറ്റന്റർ എന്നിവരെ പോസ്റ്റ് ചെയ്യേണ്ടതുണ്ടെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**4.19 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

**ബഹു.മങ്കട എം.എൽ.എയുടെ 28.02.2022 , 07.04.2022 എന്നീ തീയതികളിലെ കത്തുകളും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.03.2022 ലെ കത്തും സി.സിയുടെ 18.12.2021, 10.02.2022 തീയതികളിലെ യോഗതീരുമാനങ്ങളും (SRG 472/22 DD2/170/2022-LSGD, SRG 362/22- CC 250/22).**

മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കും വരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രാത്രികാലത്തേക്ക് ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഇതു പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തുന്നതു സംബന്ധിച്ച് നടപടിക്രമങ്ങൾ എന്തായി എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്താൻ തീരുമാനിച്ചിട്ടില്ല എന്ന് 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചു. ആരോഗ്യ വകുപ്പ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കു പഞ്ചായത്തിന്റെ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റി നിരസിച്ചു.

ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും മങ്കട ഗ്രാമപഞ്ചായത്തിന്റെ കൂടി സഹായത്തോടെ മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ രാത്രികാലത്തേക്ക് 2 ഡോക്ടർ, 1 ഫാർമസിസ്റ്റ്, ഒരു ഗ്രേഡ് II അറ്റൻഡർ എന്നിവരെ നിയമിച്ച് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടി രിക്കുന്നു.

**4.20 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്**

**ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.04.2022 ലെ കത്ത് (SRG 494/22 – LSGD-DD2 /172/2022 – LSGD)**

ബ്ലോക്കു പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റുപയോഗിച്ച് ഇളംദേശം ക്ഷീരവികസന ഓഫീസിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.21 മറ്റത്തൂർ ഗ്രാമപഞ്ചായത്ത്**

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.04.2022 ലെ കത്ത് (SRG 538/22 )**

മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് പി.എച്ച്.സി ഇല്ല. കൊടകര ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യാരോഗ്യ കേന്ദ്രത്തെയാണ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ആശ്രയിക്കുന്നത്. സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒരു സിവിൽ സർജന്റെ തസ്തികയും മൂന്ന് അസിസ്റ്റന്റ് സർജന്റെ തസ്തികയുമാണ് ഉള്ളത്. ഇതിൽ സിവിൽ സർജന്റെ തസ്തികയും ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. ഒരു

ദിവസം 300 ഓളം ഒ.പി. ഉള്ള ഈ സ്ഥാപനത്തിനെ 2 പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങളും ആശ്രയിക്കുന്നു. മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ മറ്റ് പി.എച്ച്.സി ഇല്ലാത്തതിനാൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും ഗ്രാമപഞ്ചായത്തിന്റെ വിഹിതമുപയോഗിച്ച് കരാറടിസ്ഥാനത്തിൽ ഈ സി.എച്ച്.സിയിൽ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.22 പാലാ മുനിസിപ്പാലിറ്റി**

**പാലാ മുനിസിപ്പൽ ചെയർമാന്റെ 11.05.2022 ലെ കത്ത് (SRG 513/2**2).

പാലാ ജനറൽ ആശുപത്രിയിൽ കോബോൾട്ട് മെഷീൻ സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലാ പഞ്ചായത്ത് പ്രോജക്ട് എടുത്തിരുന്നു. ആകെ അടങ്കൽ 105.00 ലക്ഷം രൂപ. (ജില്ലാ പഞ്ചായത്ത് വിഹിതം 68.00 ലക്ഷം രൂപ, ഗ്രാമപഞ്ചായത്തുകളുടെ വിഹിതം 37.00 ലക്ഷം രൂപ). കോഓർഡിനേഷൻ കമ്മിറ്റി ഇതിന് അനുമതി നൽകി. ഈ തുക മെഷീൻ സ്ഥാപിക്കാൻ KMSCL ന് ഡിപ്പോസിറ്റ് ചെയ്തു. മെഷീൻ സ്ഥാപിക്കാൻ ഈ തുക അപര്യാപ്തമാണെന്ന് KMSCL അറിയിച്ച പ്രകാരം ബാക്കിതുക കൂടി അടയ്ക്കാൻ ഉദ്ദേശിക്കുന്നു. തുക കാലതാമസം കൂടാതെ അടച്ചാൽ മാത്രമെ ഈ വർഷം തന്നെ മെഷീൻ സ്ഥാപിക്കാൻ കഴിയൂ.

2022-23 ലെ വാർഷിക പദ്ധതി രൂപീകരണത്തിന് താമസം ഉണ്ട്. എന്നാൽ അടിയന്തിര സ്വഭാവമുള്ള പ്രോജക്ട് ഏറ്റെടുക്കാൻ സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. കാലതാമസമുണ്ടാകുന്നതനുസരിച്ച് റേറ്റ് കോൺട്രാക്ട് മാറും എന്നതിനാൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് ഇപ്പോൾതന്നെ പ്രോജക്ട് തയ്യാറാക്കി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.23 കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ബഹു ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ 18.03.2022-ലെ 621/**MCH Edn SJ/22-ാം **നമ്പർ കത്തും 10.02.2022 ലെ സി.സി. യോഗ തീരുമാനവും (ഖണ്ഡിക 4.63) (SRG 436/2**2 )

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പാക്കുന്ന വി-കെയർ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് 5.00 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 10.00 ലക്ഷം രൂപ, ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും 25.00 ലക്ഷം രൂപ എന്നീ ക്രമത്തിൽ സംഭാവന ചെയ്യുന്നതിന് 06.05.2013 ലെ 1209/2013/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് പുതുക്കി തുടർന്നും ഈ നിരക്കിൽ തുക നൽകണമെന്ന് സോഷ്യൽ സെക്യൂരിറ്റി മിഷൻ ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ലെ യോഗം പരിഗണിച്ചു. ധനസഹായം സ്വീകരിക്കുന്ന അർഹതപ്പെട്ട രോഗികളുള്ള നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ KSSM – ന് വിഹിതം നൽകാവുന്നതാണ് എന്ന് യോഗം നിർദ്ദേശിച്ചിരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ

നൽകുന്ന വിഹിതം അതതു തദ്ദേശഭരണസ്ഥാപനങ്ങളിലെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്നുറപ്പാക്ക ണമെന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചു.

ഇത് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ചൂണ്ടികാണിച്ചുകൊണ്ട് 2013-ലെ ഉത്തരവു പ്രകാരമുള്ള രീതി തുടരണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.24 കൊല്ലം കോർപ്പറേഷൻ

**കൊല്ലം മേയറുടെ 15.02.2022 ലെ കത്തും കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.03.2022, 19.03.22 എന്നീ തീയതികളിലെ കത്തുകളും (SRG 382/22 – LSGD – DA1/71/2022/LSGD, SRG 395/22 – CC/242/22, SRG 398/22 CC/240/22)**

താഴെ പറയുന്ന പ്രോജക്ടുകൾ 2021-22 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| *i) പ്രോ.നം: 378/22* | *അടങ്കൽ* | *25,00,000 രൂപ*<br>*(തനത് ഫണ്ട്)* |
| *പേര്* | *ക്യാൻസർ രോഗികൾക്ക് അനുപൂരക പോഷകാഹാരം, യാത്രാപ്പടി, മരുന്ന്* | |

വാർഷിക വരുമാനം 1.00 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബത്തിലെ ക്യാൻസർ രോഗികൾക്ക് IMA യുമായി സഹകരിച്ച് പോഷകാഹാരം, ആശുപത്രിയിൽ പോകുന്നതിന് യാത്രാ ചെലവ്, കീമോ തെറാപ്പി ചെയ്യുന്നതിന് മരുന്നിന്റെ വില നൽകൽ എന്നിവയ്ക്കുള്ള പ്രോജക്ടു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

കോർപ്പറേഷനിലെ 55 കൗൺസിലർമാർക്ക് ലാപ് ടോപ് വാങ്ങി നൽകാനുള്ളതാണ് പ്രോജക്ട്. കൗൺസിൽ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലാപ് ടോപ്പ് തിരികെ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നു. ലാപ് ടോപ് വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

വാഹനം വാങ്ങുന്നതിനു വേണ്ടിയുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.25 പിണറായി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.03.2022 ലെ കത്തും അനുബന്ധരേഖകളും (SRG 347/22- CC /101/22).**

| | | |
|---|---|---|
| *പ്രോ.നം: 90/22* | *അടങ്കൽ* | *4,76,00,000 രൂപ* |
| | | *(സംസ്ഥാന സർക്കാർ വിഹിതം)* |
| *പേര്* | *പിണറായി കൺവെൻഷൻ സെന്റർ കെട്ടിട നിർമ്മാണം, പൂർത്തീകരണം- മൂന്നാം ഘട്ടം* | |

പിണറായി കൺവെൻഷൻ സെന്ററിന്റെ ഒന്ന്, രണ്ട് ഘട്ടങ്ങൾ **MLASDF** ഫണ്ടുപയോഗിച്ച പൂർത്തിയായി. മൂന്നാം ഘട്ട നിർമ്മാണത്തിനായി 2018-19 ൽ 6.00 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിന്റെ കൺട്രോളിംഗ് ഓഫീസറായി പഞ്ചായത്ത് ഡയറക്ടറെയാണ് സർക്കാർ നിശ്ചയിച്ചിരുന്നത്. മൂന്നാംഘട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി നൽകി. ആകെ തുക 4.76 കോടി രൂപ. ഇതിനു ഭരണാനുമതി 01.02.2019 ന സർക്കാർ നൽകി. ഇതിന്റെ നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ സർക്കാർ ചുമതലപ്പെടുത്തി. ഊരാളുങ്കൽ സൊസൈറ്റി പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി മൂന്നാം ഘട്ടത്തിലെ സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ പ്രവൃത്തികൾ എന്നിവയ്ക്കായി കരാറിൽ ഏർപ്പെട്ടു. കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം 2020 നവംബറിൽ പൂർത്തിയായി. കൺവെൻഷൻ സെന്ററിന്റെ നിർമ്മാണവും പ്രവർത്തനവും സംബന്ധിച്ച് താഴെ പറയുന്നവയിൽ സാധൂകരണം / അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

1) ഗ്രാമപഞ്ചായത്ത് മുഖേനയാണ് പ്രവൃത്തി നടത്തിയതെങ്കിലും വാർഷിക പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിരുന്നില്ല. 2021-22 ൽ ഇത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചു. ഇതിന് സാധൂകരണം

മുകളിൽ പറഞ്ഞവയോടൊപ്പം താഴെ പറയുന്നവയ്ക്ക് കൂടി സാധൂകരണം / അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

2) പഞ്ചായത്ത് ഡയറക്ടറുടെ കൂടി അനുമതിയോടെ 24.08.2021 ൽ 24,07,284 രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ നടപടിക്ക് സാധൂകരണം

3) **(i)** സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ സിവിൽ, ഇലക്ട്രിക്, ഇലക്ട്രോണിക്സ് പ്രവൃത്തികൾക്ക് **GST** 12 ശതമാനമാണ്. എന്നാൽ ഇതിന് 18 ശതമാനം **GST** നൽകണം. ഗ്രാമപഞ്ചായത്തുമായുള്ള കരാറു പ്രകാരം 18 ശതമാനമാണ് **GST** നിരക്ക്. 18 ശതമാനം നിരക്കിൽ തുക അനുവദിക്കാൻ അനുമതി.

   **(ii)** ആകെ റ്റി.എസ് തുകയിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച നടപടിക്ക് സാധൂകരണം

4) കൺവെൻഷൻ സെന്ററിന്റെ മൂന്നാംഘട്ട പ്രവർത്തനത്തിൽ 12 ഇനങ്ങളുടെ പർച്ചേസിംഗ് ഉൾപ്പെടുത്തിയിരുന്നു. മത്സരാധിഷ്ഠിത ക്വട്ടേഷൻ നടപടിയില്ലാതെയാണ് ഈ സാധനങ്ങൾ **ULCCS** വാങ്ങിയത്. ഇവ വാങ്ങിയ നടപടിക്ക് സാധൂകരണം.

5) കൺവെൻഷൻ സെന്ററിൽ അക്വാസ്റ്റിക് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വകുപ്പ തലത്തിൽ ഇതിന്റെ സാങ്കേതികത്വം വിലയിരുത്തി സാങ്കേതികാനുമതി

നൽകാൻ പ്രാവിണ്യമുള്ള ഏജൻസി ഇല്ല. അതിനാൽ നിലവിൽ ലഭ്യമായ ഗുണനിലവാര പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിൽതുക നൽകാൻ അനുമതി.

6(1) പിണറായി കൺവെൻഷൻ സെന്ററിന് താഴെ പറയുന്ന രീതിയിലാണ് വാടക നിശ്ചയിച്ചിരിക്കുന്നത്.

| | **വാടക** | **SGST** | **CGST** | **ആകെ** |
|---|---|---|---|---|
| ഡൈനിംഗ് ഹാൾ ആന്റ് ഓഡിറ്റോറിയം | 65,000 | 5850 | 5850 | 76,700 |
| ഓഡിറ്റോറിയം | 40,000 | 3600 | 3600 | 47,200 |
| ഡൈനിംഗ് ഹാൾ | 25,000 | 2250 | 2250 | 29,500 |

ദിവസ വാടകനിശ്ചയിച്ച നൽകാനാവില്ലെന്ന് **PWD** കെട്ടിട വിഭാഗം അറിയിച്ചിട്ടുണ്ട്. അതിനാൽ വാടക നിശ്ചയിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം

6.(ii) കൺവെൻഷൻ സെന്ററിന്റെ ഒരു മുറി ബഹു. ധർമ്മടം എം.എൽ.എയുടെ ഓഫീസായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിയ നടപടിക്ക് സാധൂകരണം

6.(iii) കൺവെൻഷൻ സെന്ററിന്റെ നടത്തിപ്പിനായി താഴെ പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

1. സൂപ്പർ വൈസർ
2. ഇലക്ട്രീഷൻ
3. ശുചീകരണതൊഴിലാളികൾ (2 പേർ)

ഇതിനു സാധൂകരണം

6.(iv) കൺവെൻഷൻ സെന്ററിൽ ജനറേറ്റർ പ്രവർത്തിക്കുന്നുണ്ട്. കൺവെൻഷൻ സെന്റർ വാടകയ്ക്ക് നൽകുന്ന അവസരത്തിൽ ഹാളിൽ ഉണ്ടാകുന്ന ആളുകളുടെ എണ്ണമനുസരിച്ചാണ് എ.സിയുടെ ഉപയോഗം. അതിനാൽ ഇന്ധന ഉപയോഗ ത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകും. ഈ സാഹചര്യത്തിൽ ജനറേറ്ററിൽ നിറക്കുന്ന ഡീസലും ജനറേറ്ററിന്റെ ഉപയോഗവും സംബന്ധിച്ച് വ്യത്യാസം വരാം. ഇതു ക്രമീകരിക്കുന്നതിന് അനുമതി.

### 4.26 കാമാക്ഷി ഗ്രാമപഞ്ചായത്ത്

**കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.05.2022 ലെ** A4-4140/21-ാം **നമ്പർ കത്തും ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 ലെ കത്തും** (SRG 357/22 – CC/233/22).

| | | |
|---|---|---|
| ***പ്രോ.നം: 106/21*** | ***അടങ്കൽ*** | ***20,00,000 രൂപ*** |
| | *സി.എഫ്.സി– ബെയ്സിക് ഗ്രാന്റ്* | *10,00,000 രൂപ* |
| | *വികസന ഫണ്ട് – ജനറൽ* | *4,13,680 രൂപ* |
| | *തനത് ഫണ്ട്* | *5,86,320 രൂപ* |
| ***പേര് :*** | ***മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം വാങ്ങൽ*** | |

കാമാക്ഷി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്നത് തങ്കമണിയിലാണ്. ബസ് സ്റ്റാന്റിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് മതിയായ സ്ഥല സൗകര്യം ഇല്ല. ബസ്സുകൾ ബസ് സ്റ്റാന്റിൽ കയറാത്തതിനാൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലത്തിന് പോകുന്നില്ല. ബസ് സ്റ്റാന്റിലേക്ക് കയറി ഇറങ്ങാൻ സൗകര്യമൊരുക്കുന്നതിന് ജിജി മോൾ തോമസ്, വേഴമ്പശ്ശേരിൽ എന്നയാളുടെ 02.28 ആർ സ്ഥലം (സർവ്വേ നമ്പർ 257/16 PT2, 257/17PT2, 257/39PT1) വാങ്ങാനുദ്ദേശിക്കുന്നു. സ്ഥലമുടമയുമായി ചർച്ച ചെയ്തു. വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ പ്രകാരം ഈ സ്ഥലത്തിന്റെ വില 9,04,907 രൂപയാണ്. സ്ഥലമുടമ ആവശ്യപ്പെടുന്നത് 45.00 ലക്ഷം രൂപയാണ്. വില്ലേജ് ഓഫീസർ നിശ്ചയിച്ച തുകയോടൊപ്പം 30 ശതമാനം കൂടി (സൊലേഷ്യം) ചേർത്താലും സ്ഥലമുടമ ആവശ്യപ്പെടുന്നതിനേക്കാൾ വളരെ കുറവാണ്. അതിനാൽ സ്ഥലമുടമ ആവശ്യപ്പെടുന്ന 45.00 ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.27 പരപ്പ ബ്ലോക്ക് പഞ്ചായത്ത്

**കാസർകോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.03.22 ലെ കത്ത് (SRG 363/22 – CC/251/2022)**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ബിരിക്കുളം എന്ന സ്ഥലത്ത് ഒരു തൊഴിൽ സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നു. കാസർകോട് വികസന പാക്കേജിൽ നിന്നും ഫണ്ട് കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് ലക്ഷ്യം. കുടുംബശ്രീ മിഷൻ, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ഫണ്ട് കണ്ടെത്തി യന്ത്രോപകരണങ്ങൾ, മറ്റ് പ്രവർത്തനം എന്നിവ നടത്താനും ഉദ്ദേശിക്കുന്നു. ഭാവിയിൽ ഇത് വനിതകൾക്കുള്ള അപ്പാരൽ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റാനാണ് ലക്ഷ്യം. 50 വനിതകൾക്ക് നേരിട്ടും 60 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഈ സ്ഥാപനം തുടങ്ങുന്നതിന് പരപ്പ വില്ലേജിൽ സർവ്വേ നം.155-ൽ 20.32 ആർ (50 സെന്റ്) സർക്കാർ ഭൂമി പാട്ടത്തിനെടുക്കാനുള്ള നടപടി പുരോഗമിക്കുന്നു. അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. 30 വർഷക്കാലത്തേക്ക് പാട്ടത്തിനെടുക്കുന്ന ഭൂമിക്ക് ആകെ പാട്ടത്തുക 14,56,560/- രൂപയാണ്. വാർഷിക പാട്ടതുക 48,552/- രൂപ. ഈ തുക വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.28 പിറവം മുനിസിപ്പാലിറ്റി**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.03.2022 ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG 416/22 – CC/249/2022 )**

പിറവം നഗരസഭയിലെ 20-ാം വാർഡിൽ ഇട്ട്യാർമല പുളിന്താനം എസ്.സി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ.രാജീവ് പുതുശ്ശേരികുഴിയിൽ എന്നയാളുടെ പുരയിടത്തിന്റെ സംരക്ഷണ ഭിത്തിയായിരുന്ന കയ്യാല പൊളിച്ചുമാറ്റി. ഇദ്ദേഹം റോഡു നിർമ്മാണത്തിനു സൗജന്യമായാണ് സ്ഥലം വിട്ടു നൽകിയത്. നിർമ്മാണ ശേഷം കയ്യാല കെട്ടി നൽകാമെന്ന് അറിയിച്ചിരുന്നതാണെന്ന് സ്ഥലമുടമ അറിയിച്ചിട്ടുണ്ട്. വീടു നിൽക്കുന്ന സ്ഥലം ആകെ 6 സെന്റുമാത്രമേയുള്ളു എന്നും റോഡിൽ നിന്ന് 7 അടി ഉയരത്തിലാണ് വീടെന്നും സ്ഥലമുടമ കത്തു നൽകിയിട്ടുണ്ട്. സ്ഥലമുടമ പൊതു വിഭാഗത്തിൽപ്പെട്ടയാളായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**5.29 ആവോലി ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 207.05.2022 ലെ കത്തും ആവോലി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 06.04.2022 ലെ 6 (5) –ാം നമ്പർ തീരുമാനവും (SRG 506/22 – CC/**325/**2022)**.

| ***പ്രോ.നം:*** 265/22 | ***അടങ്കൽ*** | ***1,50,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | ***എലുവിച്ചിറ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം*** | |

ആവോലി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിലെ എലുവിച്ചിറ രണ്ട് സെന്റ് കോളനിയിൽ 110 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. റോഡ് നിരപ്പിൽ നിന്ന് ഉയരത്തിലാണ് ഈ കോളനി. പലപ്പോഴും മണ്ണിടിച്ചിൽ ഉണ്ട്. കോളനിയിൽ താമസിക്കുന്ന ശ്രീ. സഹദേവൻ കളത്തിൽ എന്നയാളുടെ വീടിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞ് തൊട്ടുതാഴെയുള്ള ശ്രീമതി. നന്ദിനികുഞ്ഞ്, താണിക്കുന്നേൽ എന്നയാളുടെ വീടിന് മുകളിലേക്ക് വീഴുന്ന അവസ്ഥയിലാണ്. ശ്രീ.സഹദേവൻ, ശ്രീമതി. നന്ദിനികുഞ്ഞ് എന്നിവരുടെ വീടിനു നാശം സംഭവിക്കാതിരിക്കാൻ ഇവിടെ സംരക്ഷണഭിത്തി കെട്ടാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇവർ പൊതുവിഭാഗത്തിൽപ്പെടുന്നവരാണ്.

**4.30 മൊകേരി ഗ്രാമപഞ്ചായത്ത്**

**മൊകേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും മൊകേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2021 ലെ 273/2021-ാം നമ്പർ തീരുമാനവും 26.03.2022 – ലെ** DB2/100/2022/LSGD-**നമ്പർ സർക്കാർ കത്തും (SRG 442/2**2)

മൊകേരി ഗ്രാമപഞ്ചായത്തിൽ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 4.00 കോടി രൂപ 2021-22 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തു കണ്ടെത്തണം. സ്ഥലം വിട്ടുതരാൻ താല്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച പ്രകാരം അനുയോജ്യമായ 40.08 ആർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം പൂർണ്ണമായും സംഭാവനയായി ഉടമസ്ഥർ വിട്ടുതരില്ല. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നു സംഭാവന പ്രതീക്ഷിക്കുന്നു. ഒപ്പം ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വീകരിക്കാനുമുദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്ത് 10.00 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് 5.00 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത് 3.00 ലക്ഷം രൂപ എന്നീ നിരക്കിൽ ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ നിരക്കിൽ വിഹിതം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടി രിക്കുന്നു.

**4.31 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.12.2021 ലെ DPKNR/P/Misc -05/2021-ാം നമ്പർ കത്തും സർക്കാരിന്റെ 14.03.2022 ലെ DA1/336/2021/തസ്വഭവ സർക്കാർ കത്തും (SRG 431/2**2)

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷം 17.08.2021 മുതൽ ആരംഭിച്ചു. 'രജതം 2021' എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനകം 1,79,741 രൂപയുടെ ബിൽതുക നൽകാനുണ്ട്. 95,741 രൂപ ചെലവഴിച്ചു. ആകെ പ്രതീക്ഷിക്കുന്ന ചെലവ് 6.60 ലക്ഷം രൂപയാണ്. രജത ജൂബിലി ആഘോഷത്തിന് സർക്കാർ ഉത്തരവുപ്രകാരം ജില്ലാ പഞ്ചായത്തിനു ചെലവഴിക്കാവുന്ന തുക75,000 രൂപയാണ്. ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം 6.60 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നു ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ക്ഷണകത്ത്, സ്റ്റേജ് ഡെക്കറേഷൻ, ബാനർ, ഭക്ഷണം, മെമെന്റോ, ഫോട്ടോ / വീഡിയോ, സ്മരണിക, വിവിധയോഗങ്ങൾ, സമാപനപരിപാടി എന്നീ ഇനത്തിലാണ് മുകളിൽ പറഞ്ഞ 6.60 ലക്ഷം രൂപ ചെലവായി കണക്കാക്കിയിരിക്കുന്നത്.

**4.32 തിരുവനന്തപുരം കോർപ്പറേഷൻ**

**തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 10.03.2022 ലെ** J1/52096/21-ാം **നമ്പർ കത്തും തിരുവനന്തപുരം നഗരസഭ കോർപ്പറേഷൻ കൗൺസിലിന്റെ 22.02.2022 3**(A) **3-ാം നമ്പർ തീരുമാനവും 26.04.2022 ലെ** DA1/105/2022/**തസ്വഭവ നമ്പർ സർക്കാർ കത്തും (SRG 539/2**2 )

ജനകീയാസൂത്രണ പദ്ധതിയുടെ രജത ജൂബിലി ആഘോഷങ്ങൾ 2021 ആഗസ്റ്റ് 17-ന് ഉത്ഘാടനം ചെയ്തു. നഗരസഭ ആഘോഷങ്ങൾ സംഘടിപ്പിക്കുകയും തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പ്രദർശനം ഒരുക്കുകയും ചെയ്തു. 10.08.2021 ലെ 1508/21/തസ്വഭവ ഉത്തരവ് പ്രകാരം രജത ജൂബിലി ആഘോഷങ്ങൾക്കായി പരമാവധി 1.50 ലക്ഷം രൂപയാണ് തിരുവനന്തപുരം കോർപ്പറേഷന് ചെലവഴിക്കാവുന്നത്. എന്നാൽ ഉത്ഘാടന ചെലവുകൾക്കായി നഗരസഭ 8,42,815 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.33 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.05.2022 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായ ത്ത് സെക്രട്ടറിയുടെ 06.04.2022 ലെ** DPT/C4-01/2021-**ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.02.2022 ലെ 9-ാം നമ്പർ തീരുമാനവും (SRG 526/22** – **CC 342/22, SRG 502/22)**.

വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഇന്റർനെറ്റ് വാടക നൽകുന്നതിന് കഴിഞ്ഞ വർഷം അനുമതി നൽകിയിരുന്നു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ച് വൈഫൈ സൗകര്യം പല സ്ഥലങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ വാടക ജില്ലാ പഞ്ചായത്താണ് നൽകേണ്ടത്. സർക്കാർ ഉത്തരവ് പ്രകാരം കഴിഞ്ഞ വർഷം മാത്രമാണ് ഇന്റർനെറ്റിന്റെ വാടക നൽകാൻ പറഞ്ഞിരുന്നത്. ഓൺലൈൻ പഠനത്തിന് മുടക്കമുണ്ടാകാതിരിക്കാൻ തുടർന്നുള്ള വർഷങ്ങളിലും ഇന്റർനെറ്റ് വാടക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.34 ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്ത് (SRG 473/22** – **CC/266/2022)**.

| | | |
|---|---|---|
| ***പ്രോ.നം: 79/21*** | ***അടങ്കൽ*** | ***9,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | ***പഞ്ചായത്ത് ഓഫീസിൽ റൂഫിംഗ്*** | |

ഈ പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉണ്ടായിരുന്നതാണ്. ഇ-ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തില്ല. ഇത് 2021-22 വർഷം 153/22-ാം നമ്പർ

പ്രകാരം സ്റ്റീൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്നു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന Poly Carbonate Multi Wall Plain Sheet എന്ന റൂഫിംഗ് ഷീറ്റിന് DSR പ്രകാരം 672.51 രൂപയാണ് (GST കൂടാതെ). ഈ തുക അപര്യാപ്തമായതുകൊണ്ടാണ് ആരും ടെണ്ടറിൽ പങ്കെടുക്കാതിരുന്നത്. അതിനാൽ മുകളിൽ പറഞ്ഞ ഷീറ്റിനുപകരം കൂടുതൽ ഈടു നിൽക്കുന്ന Poly Carbonite Cristal Multi Wall Solid Plain Sheet 2.00 mm.റൂഫിംഗിനായി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇതിനായി അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.35 വലിയ പറമ്പ ഗ്രാമപഞ്ചായത്ത്**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.22 ലെ കത്തും വലിയ പറമ്പ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.03.2022 ലെ 2/22-ാാം നമ്പർ തീരുമാനവും (SRG 470/22 – CC/302/2022).**

വലിയപറമ്പ കുടുംബാരോഗ്യ കേന്ദ്രത്തിന് **MLASDF** ൽ നിന്ന് പുതിയതായി ഒരു ആംബുലൻസ് ലഭിച്ചിട്ടുണ്ട്. ഈ ആംബുലൻസിന്റെ ഡ്രൈവർക്ക് വേതനം, ഡീസൽ, മെയിന്റനൻസ് എന്നിവയ്ക്കായി എച്ച്.എം.സി ഫണ്ട് അപര്യാപ്തമാണ്. ഗ്രാമപഞ്ചായത്തിനു തനത് ഫണ്ട് മിച്ചമില്ല. അതിനാൽ ഈ ചെലവു കണ്ടെത്തുന്നതിന് വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.36 തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ -** HINCOL – **ൽ നിന്ന് തുക റീഫണ്ട് ചെയ്യൽ.** (SRG 468/22).

**Hindustan Colas Private Ltd. (HINCOL)** ന് വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ ബിറ്റുമിൻ വാങ്ങുന്നതിനായി തുക അടച്ചിട്ടുണ്ട്. HINCOL ന്റെ **Book of Accountil**-ൽ 297 അക്കൗണ്ടുകളിലായി ഇങ്ങനെ അടച്ച തുകയിൽ 26,72,076 രൂപ ബാക്കിയുണ്ട്. വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ/ ഉദ്യോഗസ്ഥൻ ഡിപ്പോസിറ്റ് ചെയ്ത പ്രകാരം 4.00ലക്ഷം രൂപ മുതൽ 13 രൂപ വരെയുള്ള തുക ഇതിൽ ഉൾപ്പെടും. ഇതു മടക്കി നൽകാം എന്ന് **HINCOL** അറിയിച്ചിട്ടുണ്ട്. എന്നാൽ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ചെക്കുകൾ നൽകാൻ കമ്പനിക്കു കഴിയില്ല. പകരം എല്ലാ തുകയും ചേർത്ത് ഒറ്റചെക്കു മാത്രമേ കമ്പനി നൽകൂ.

ഈ തുക പ്രിൻസിപ്പൽ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതിനുള്ള അനുമതി. ഈ തുക എങ്ങനെ ഉപയോഗിക്കണമെന്നതു സംബന്ധിച്ചും തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**4.37 പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമവികസന കമ്മീഷണറുടെ 20.04.2022 ലെ 1706/DP4/2022/CRD നമ്പർ കത്തും പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.12.2021 ലെ കത്തും (SRG 467/22).**

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 2.00 ലക്ഷം രൂപയാണ് പഠനമുറിക്ക് നൽകാവുന്നത്. ആദ്യഗഡുവായി 50,000 രൂപയും ശേഷിക്കുന്ന തുക പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് 75,000 രൂപയുടെ രണ്ടു ഗഡുക്കളായും ആണ് നൽകുന്നത്. 28.01.2020 ലെ 221/2020/തസ്വഭവ ഉത്തരവുപ്രകാരം ഈ പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തേണ്ടത് ബന്ധപ്പെട്ട അസി.എഞ്ചിനീയർ എന്നാണ്. പിന്നീട് 22.06.2020 ലെ 1216/2020/തസ്വഭവ ഉത്തരവു പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർ / ഓവർസീയർ വേണം പ്രവർത്തിയുടെ വാല്യുവേഷൻ നടത്തേണ്ടതെന്ന് പറയുന്നുണ്ട്. വാല്യുവേഷൻ നടത്തേണ്ടത് ബന്ധപ്പെട്ട എഞ്ചിനീയർ ആണോ ഓവർസീയർ ആണോ എന്നു വ്യക്തമാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.38 മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.04.2022- ലെ കത്തും മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.03.2022 ലെ എ1/235/22-ാം നമ്പർ കുറിപ്പും അനുബന്ധ രേഖകളും, തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 24.03.2017 ലെ G5-33262/16-ാം നമ്പർ നടപടി ഉത്തരവും (SRG 460/22 – CC/282/22).**

പട്ടികജാതി വിഭാഗക്കാരുടെ നിയന്ത്രണത്തിലുള്ളതും പരമ്പരാഗതമായി ആരാധന നടത്തിവരുന്നതുമായ ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്ന തിനും പട്ടിക ജാതി വികസന വകുപ്പ് ധനസഹായം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ ആക്കോടിക്കാവ് ഭഗവതി ക്ഷേത്രത്തിന്റെ മേൽക്കൂര, മതിൽ, ആൽത്തറ, ഓഫീസ് മുറി എന്നിവ പണിയുന്നതിന് 4.90 ലക്ഷം രൂപ 24.03.2017 ൽ തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ചു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ 2017 മെയ് 1-നകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ക്ഷേത്രം തന്ത്രി നിർദ്ദേശിച്ച പ്രകാരം ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ നിർമ്മാണം പൂർത്തിയാക്കി. സാങ്കേതികാനുമതി വാങ്ങുകയോ ടെണ്ടർ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. ഈ പ്രവൃത്തിക്ക് രണ്ടര ലക്ഷത്തോളം രൂപ ചെലവായി എന്ന് ക്ഷേത്ര കമ്മിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരമുള്ള തുക 3,71,419 രൂപയാണ്.

നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കിയ നവീകരണ പ്രവൃത്തിക്ക് ചെലവായ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.39 വെള്ളൂർ ഗ്രാമപഞ്ചായത്ത്**

**വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.04.2022 ലെ** A3-4139/22-ാം **നമ്പർ കത്തും വെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.04.2022 ലെ 3(1)-ാം നമ്പർ തീരുമാനവും 14.01.2022 ലെ 19(1)-ാം നമ്പർ തീരുമാനവും (SRG 511/22)**

**i)** KWA-ക്ക് 2014-15 മുതൽ 2019-20 വരെ വിവിധ പ്രവൃത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ബാക്കി തുകയായി 18,67,732 രൂപ 26.02.2022 ൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചു. മൂവാറ്റുപുഴയാറിലെ മണൽ ഖനനം 2015 മെയ് മാസത്തോടെ നിർത്തിയതിനാലും HNL – ൽ നിന്നു ലഭിക്കുന്ന നികുതി കുറഞ്ഞതിനാലും തനതുഫണ്ടു വളരെയധികം കുറഞ്ഞു. അതിനാൽ KWA തിരികെ നൽകിയ തുക തനതു ഫണ്ടിലേക്ക് മാറ്റാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ii) വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതു ഫണ്ടു സ്രോതസ്സ് HNL ആയിരുന്നു. 2021-22 വരെ 66,59,024 രൂപ HNL നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനു നൽകാനുണ്ട്. റെവന്യൂ റിക്കവറി നടപടികൾ എടുത്തെങ്കിലും കുടിശ്ശിക പരിഞ്ഞു കിട്ടുന്നില്ല. ഇപ്പോൾ HNL സംസ്ഥാന സർക്കാർ ഏറ്റെടുത്ത് KPPL (Kerala Paper Products Ltd) ആയി പ്രവർത്തിക്കുകയാണ്. ഈ സാഹചര്യത്തിൽ HNL നൽകേണ്ട നികുതി കുടിശിക സംസ്ഥാന സർക്കാർ നൽകാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.40 പള്ളിക്കര ഗ്രാമപഞ്ചായത്ത്**

**കാസർകോട്ടു ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.03.2022 ലെ കത്ത് (SRG 365/2**2 – **CC**/656/2021)

| | | |
|---|---|---|
| ***പ്രോ.നം: 113/22*** | ***അടങ്കൽ*** | ***1,68,721 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *68,721 രൂപ* |
| | *തനത് ഫണ്ട്* | *1,00,000 രൂപ)* |
| ***പേര്*** | ***വിശപ്പുരഹിത കേരളം- ജനകീയ ഹോട്ടൽ*** | |

വിശപ്പുരഹിത കേരളം പദ്ധതിയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ രണ്ടു ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഹോട്ടലുകളിൽ ഒരു ഊണ് 5 രൂപ പ്രകാരം ഒരു ഹോട്ടലിന് ഒരു വർഷം പരമാവധി 50,000 രൂപ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.41 കൊല്ലം ജില്ലാ ആസൂത്രണ സമിതി

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.03.2022, 19.03.22 എന്നീ തീയതികളിലെ കത്തുകളും (2എണ്ണം)കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.22 ലെ കത്തും (SRG 356/21 – CC/244/2022)**

ജില്ലയിൽ 10 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാവർക്കും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ കുറിച്ച് അവബോധം നൽകുന്നതിന് വേണ്ടി "ദി സിറ്റിസൺ 2022" എന്ന പേരിൽ പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൊല്ലം ജില്ലാ ആസൂത്രണ സമിതിയും ജില്ലാ പഞ്ചായത്തും കിലയും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ഭരണഘടനയെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നു തെരഞ്ഞെടുത്ത വ്യക്തികൾക്ക് കില പരിശീലനം നൽകും. പരിശീലനം ലഭിച്ചവർ കുടുംബങ്ങൾക്ക് ക്ലാസ്സുകൾ നൽകും. പഠനം പൂർത്തിയാക്കുന്ന ഓരോ കുടുംബവും ഭരണഘടനയുടെ ആമുഖം വീടുകളിൽ ആലേഖനം ചെയ്തു സ്ഥാപിക്കും. ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്നാണ് പ്രോജക്ടു നടപ്പാക്കുന്നത്. ഈ പരിപാടിക്കായി ആകെ 308.00 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന ഈ പ്രോജക്ടിന് താഴെ പറയും പ്രകാരം വികസന ഫണ്ട്/തനതു ഫണ്ട് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഭരണഘടനയുടെയും പ്രീയാമ്പിളിന്റെയും അച്ചടി, പഠനസാമഗ്രികൾ, സെനറ്റർമാർക്ക് ഓണറേറിയം എന്നിവയ്ക്കാണ് വിഹിതം വകയിരുത്തുന്നത്. താഴെ പറയും പ്രകാരമാണ് ഫണ്ട് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്.

| തദ്ദേശഭരണസ്ഥാപനം | എണ്ണം | തുക (ലക്ഷം) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 68 | 68 x 2 ലക്ഷം = 136.00 |
| മുനിസിപ്പാലിറ്റി | 4 | 4 x 5 ലക്ഷം = 20.00 |
| കോർപ്പറേഷൻ | 1 | 1 x 40 ലക്ഷം = 40.00 |
| ജില്ലാ പഞ്ചായത്ത് | 1 | 1 x 112 ലക്ഷം = 112.00 |
| | ആകെ | 308.00 |

## 4.42 എടവനക്കാട് ഗ്രാമപഞ്ചായത്ത്

**എടവനക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.08.2021 ലെ A2/5070/20-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.02.2018 ലെ A-1234/18-ാം നമ്പർ കത്തും 02.03.22 ലെ തസ്വഭവ- DA1/318/2018 നമ്പർ സർക്കാർ കത്തും (SRG 400/2**2)

എടവനക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.എൻ.പി. മോഹനൻ (നികത്തുതറ വീട്) എന്നയാളുടെ മകളുടെ വിവാഹത്തിന് 22.02.18 ൽ ഗ്രാമപഞ്ചായത്തിൽ ധനസഹായത്തിനായി അപേക്ഷ നൽകിയിരുന്നു. 2017-18ൽ നിലനിന്നിരുന്ന മാർഗ്ഗരേഖ പ്രകാരം സർക്കാർ ജീവനക്കാരനായിരുന്നതിനാൽ ആനുകൂല്യം നൽകിയില്ല. എന്നാൽ അപേക്ഷകൻ ക്യാൻസർ രോഗിയും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ആളുമാണ്. പെൻഷൻ ഉൾപ്പെടെ അപേക്ഷ നൽകുന്ന സമയത്ത് 1,52,304/- രൂപയാണ് വാർഷിക വരുമാനം. ഈ ഗുണഭോക്താവിന്റെ മകൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് അനുമതി വേണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.43 ഇടുക്കി ജില്ലാ പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2021 ലെ A3-3888/10-ാം നമ്പർ കത്ത് (SRG 423/22)**

ഇടുക്കി ജില്ലാ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനമാണ് തൊടുപുഴയിൽ പ്രവർത്തിക്കുന്ന ജില്ലാ കോഴിവളർത്തൽ കേന്ദ്രം. ഇവിടെ കോഴി, പന്നി വളർത്തൽ എന്നിവയാണുള്ളത്. ഈ കേന്ദ്രത്തിൽ വെറ്റിനറി സർജന്റെ പോസ്റ്റില്ല. ഫാം അസിസ്റ്റന്റ് ഡയറക്ടർ ഉണ്ട്. ഫാമിലേക്ക് ഒരു വെറ്റിനറി സർജന്റെ തസ്തിക അനുവദിച്ച് ഒരാളെ നിയമിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു.

**4.44 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം – സ്കൂൾ ബസുകളുടെ അറ്റകുറ്റപ്പണി.**

**പൊതു വിദ്യാഭ്യാസഡയറക്ടറുടെ 11.01.2022 എം4/303027/2021/DGE നമ്പർ കത്തും 12.05.2022 ലെ DB3/118/2022/തസ്വഭവ നമ്പർ സർക്കാർ കത്തും (SRG 536/22)**

കൊവിഡ് മഹാമാരി മൂലം ഉപയോഗിക്കാതിരുന്ന സ്കൂൾ ബസുകളുടെ അറ്റകുറ്റപ്പണി, ഫിറ്റ്നസ്, പെർമിറ്റ്, ഇൻഷ്വറൻസ് തുടങ്ങിയവ മുടങ്ങികിടക്കുകയാണെന്നും ഇതു പരിഹരിക്കണമെന്നും പൊതു വിദ്യാഭ്യാസ വകുപ്പിന് അപേക്ഷ ലഭിക്കുന്നുണ്ട്. എന്നാൽ ഇതിനാവശ്യമായ ഫണ്ട് വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല. അതിനാൽ ഇതിനാവശ്യമായ തുക തദ്ദേശഭരണസ്ഥാപനങ്ങളുടെ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.45 മറ്റത്തൂർ ഗ്രാമപഞ്ചായത്ത്**

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.02.2022 ലെ കത്തും അനുബന്ധരേഖകളും (SRG 399/22 )**

പീപ്പിൾസ് ഡയറി ഡെവലപ്മെന്റ് പ്രോജക്ട് സെൻട്രൽ സൊസൈറ്റി (**PDDP**) 1955 ലെ ട്രാവൻകൂർ കൊച്ചിൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റി ആണ്. ഇതിൽ 250ലധികം ക്ഷീരകർഷർ സജീവ അംഗങ്ങൾ ആണെന്നറിയിച്ചിരിക്കുന്നു. ഇവർക്ക് കാലിതീറ്റയ്ക്ക് സബ്സിഡിയടക്കം മറ്റ് ആനുകൂല്യങ്ങൾ ഒന്നു ലഭിക്കുന്നില്ല എന്നും സർക്കാരിന്റെ ആനുകൂല്യങ്ങൾ ഈ സംഘത്തിൽ പാൽ അളക്കുന്നവർക്ക് നൽകണ മെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.46 വയലാർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലയിലെ പ്ലാനിംഗ് ഓഫീസറുടെ 08.03.2022 ലെ കത്തും വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2021 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 353/22 – CC/457/21)**

| | | |
|---|---|---|
| *പ്രോ.നം: 122/22* | *അടങ്കൽ* | *4,27,572 രൂപ (തനത് ഫണ്ട്)* |
| *പേര്* | *വയലാർ ഗവ.ഐറ്റി. ഐക്ക് 2020-21 വർഷത്തെ വാടക നൽകൽ* | |

വയലാർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ.ഐ.റ്റി.ഐ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കളവംകോടം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിന്റെ 7/565 A കെട്ടിടമാണ് ഐ.റ്റി.ഐക്കായി വാടകയ്ക്കെടുത്തിരിക്കുന്നത്. PWD ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ചിരിക്കുന്ന പ്രകാരം പ്രതിമാസ വാടക 35,631 ആണ്. ഒരു വർഷം ആകെ 4,27,572 രൂപ. ഗ്രാമപഞ്ചായത്തിനു കൈമാറാത്ത സ്ഥാപനമായതിനാൽ വാടക നൽകാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.47 മണക്കാട് ഗ്രാമപഞ്ചായത്ത്**

**മണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.02.2022 - ലെ** A3-2021-22-ാം **നമ്പർ കത്തും മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 27.01.2022 ലെ 5(2)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 416/22** )

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായ ഭവന സന്ദർശനം, മഴക്കാല പൂർവ്വരോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനം തുടങ്ങിയവ ആരോഗ്യ മേഖലയിലെ ആശാവർക്കർമാർ ചെയ്യുണ്ട്. ഇത്തരം കാലഘട്ടങ്ങളിൽ ആശാപ്രവർത്ത കർക്ക് ഒരു നിശ്ചിത തുക യാത്രാബത്തയായി നൽകുന്നതിന് 2022-23 വർഷം പ്രോജക്ട് രൂപീകരിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.48 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.03.2022 ലെ E7/4183/21/TDP നമ്പർ കത്ത് (SRG 389/22** )

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മണ്ണന്തല സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ജില്ലയിലെ 7 ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കുള്ള പ്രോജക്ടു കളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ നിലവിൽ ജില്ലാ പഞ്ചായത്തു സെക്രട്ടറിയാണ്. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിനായി ഈ സ്ഥാപനങ്ങളുടെ മേധാവിമാരെ നിർവ്വഹണ ഉദ്യോഗസ്ഥ രാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

2022-23 മുതൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള 7 ജി.ഐ.എഫ്.ഡി. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ.ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ച, നെടുമങ്ങാട്-നെയും മണ്ണന്തല ഗവ.കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ.കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണന്തല-യേയും നിയോഗിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.49 ഗ്രാമ വികസന കമ്മീഷണറേറ്റ്**

**ഐ.എ.വൈ പദ്ധതിയിലെ ചെലവഴിക്കാത്ത വിഹിതം.**

**ഗ്രാമവികസന കമ്മീഷണറുടെ 25.05.2022 ലെ 2447/DP4/2022/CRD-നമ്പർ കത്ത് (SRG 552/22)**

ബ്ലോക്കുപഞ്ചായത്തുകളിൽ ഐ.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച വിഹിതം ചെലവഴിക്കാതെ ബാക്കിയുണ്ട്. ഈ തുക PMAY (G) പദ്ധതിയ്ക്കായി വിനിയോഗിക്കാൻ 11.01.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നതാണ്. ഈ വിഹിതം പൂർണ്ണമായി കഴിഞ്ഞ വർഷം ചെലവഴിച്ചിട്ടില്ല. ചെലവഴിക്കാതെ ബാക്കിയുള്ള തുക 2022-23 വർഷത്തിൽ PMAY (G) ഭവനപദ്ധതിക്ക് വിനിയോഗിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.50 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.05.2022 ലെ കത്തും വെച്ചൂചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.03.2022 ലെ 14(3)-ാം നമ്പർ തീരുമാനവും (SRG 541/22 – CC/346/2022).**

| | | |
|---|---|---|
| *പ്രോ.നം: 120/20* | *അടങ്കൽ* | *1,50,000 രൂപ*<br>*(മെയിന്റനൻസ് ഗ്രാന്റ് - റോഡ്)* |
| *പേര്* | *കാരയ്ക്കാട്ട് പടി– പൊൻകുന്നം ജോസഫ് പടി നടപ്പാത കോൺക്രീറ്റ്* | |

കാരയ്ക്കാട്ട് പടി – പൊൻകുന്നം ജോസഫ് പടി നടപ്പാത കോൺക്രീറ്റിംഗിനായുള്ള പ്രോജക്ട് 2019-20 ൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 2020-21 ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തി പ്രോജക്ട് പൂർത്തിയാക്കി. എന്നാൽ ഫണ്ടിന്റെ കുറവ് മൂലം ബിൽ തുക നൽകിയില്ല. 2021-22 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. 2022-23 വർഷം ഇതു സ്പിൽ ഓവറായി ഉൾപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.51 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.2021 ലെ കത്തും വെച്ചൂചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.07.2021 ലെ VII -ാം നമ്പർ തീരുമാനവും വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.05.2022 ലെ A3/555/2022-ാം നമ്പർ കത്തും (SRG** 501/21 – **CC- 343/2021**)

താഴെപ്പറയുന്ന നാലു പ്രോജക്ടുകൾ 2019-20 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. നിർമ്മാണ മേഖലയിലുള്ള ഈ പ്രോജക്ടുകൾ 2019-20 ൽ തന്നെ ടെണ്ടർ ചെയ്തു കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കി. എന്നാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. 2020-21 ൽ ഇതു സ്പിൽ ഓവറായി ഉൾപ്പെടുത്താനും കഴിഞ്ഞില്ല. ഈ പ്രവൃത്തികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| 1 | 244/20 | പ്ലാക്കഴിപ്പടി – പാലത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ് | 2,00,000<br>(മെയിന്റനൻസ് ഗ്രാന്റ് – റോഡ്) |
| 2 | 255/20 | കുത്രപ്പള്ളി ബാബുപടി മുതൽ പുതുമന ജോസഫ് പടി വരെ റോഡ് കോൺക്രീറ്റിംഗ് | 2,00,000.<br>(സി.എഫ്.സി. ബേസിക് ഗ്രാന്റ്) |
| 3 | 256/20 | തുമ്പശ്ശേരിപ്പടി എട്ടയ്ക്കാട് പടി റോഡ് കോൺക്രീറ്റിംഗ് | 1,00,000<br>(മെയിന്റനൻസ് ഗ്രാന്റ് – റോഡ് – 50,000<br>തനത്ഫണ്ട് – 50,000) |
| 4 | 252/20 | സെന്റ് തോമസ് പള്ളിപ്പടി പൂവശ്ശേരി പടി റോഡിൽ കാളിയാനിപ്പടി പുറയാറ്റ് പടിറോഡ് കോൺക്രീറ്റിംഗ് | 70,000<br>(സി.എഫ്.സി. ബേസിക് ഗ്രാന്റ് – 37,640<br>തനത് ഫണ്ട് – 32,360) |

**4.52 വടക്കൻ പറവൂർ മുനിസിപ്പാലിറ്റി**
**വടക്കൻ പറവൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 10.05.2022 ലെ കത്ത് (SRG 555/22)**

നഗരസഭയിലെ ടൗൺഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിന് ഒരു പ്രോജക്ട 2017-18 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനായി 10,64,875 രൂപ PWD ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 08.03.2019 ൽ ഡിപ്പോസിറ്റ് ചെയ്തു. ഹെഡ് ഓഫ് അക്കൗണ്ട് മാറിപ്പോയതിനാൽ തുക വീണ്ടും ശരിയായ ഹെഡിലേക്ക് മാറ്റി ട്രാൻസ്ഫർ ചെയ്തത് 20.02.2022 നാണ്. കൊവിഡ് പശ്ചാത്തലത്തിൽ 28.09.2020 മുതൽ 01.10.2021 വരെ ടൗൺഹാൾ CFLTC ക്കായി വിട്ടു നൽകി. അതിനാൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കാൻ കഴിഞ്ഞില്ല. കാലതാമസം വന്നതിനാൽ അധിക തുക നൽകാമെന്ന് മുനിസിപ്പാലിറ്റിയിൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. എന്നാൽ ഉപകരണങ്ങളുടെ പ്രൈസ് വാല്യൂ ഉയർന്നതിനാൽ പ്രോജക്ട് നിർവ്വഹണം സാധിക്കുകയില്ലെന്നറിയിച്ചുകൊണ്ട് പ്രവൃത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെർമിനേറ്റ് ചെയ്തു.

ഈ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നു തിരികെ വാങ്ങി ടൗൺഹാളിന്റെ മറ്റു പുനരുദ്ധാരണപ്രവൃത്തികൾക്ക് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. PWD ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടച്ച തുകയിൽ 10,41,079 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റും ബാക്കി തുക വികസനഫണ്ട് ജനറലും ആണെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 4.53 ഇന്ദിരാ പ്ലാസ്റ്റിക് വ്യവസായ സഹകരണസംഘം – ഏറ്റുമാനൂർ

**ഇന്ദിര പ്ലാസ്റ്റിക് വ്യവസായ സഹകരണ സംഘം, ഏറ്റുമാനൂർ പ്രസിഡന്റിന്റെ കത്ത് – ലഭിച്ചത് 23.02.2022 (SRG 323/22)**

ഏറ്റുമാനൂരുള്ള ഇന്ദിരാ പ്ലാസ്റ്റിക് വ്യവസായ സഹകരണ സംഘം ഹൈ ഡെൻസിറ്റി പോളി എത്തിലിൻ **(HDPE)** ഗ്രാന്യൂൾസ് ഉപയോഗിച്ച് പ്ലാസ്റ്റിക് നൂൽ ഉല്പാദിപ്പിച്ച് അരിപ്പ, നെറ്റ്, കിണർ വലകൾ, മൊസ്കിറ്റോ പ്രൂഫിംഗിനുള്ള കറുത്ത നെറ്റ്, പ്ലാസ്റ്റിക് കയർ, പ്ലാസ്റ്റിക് ഷീറ്റ് തുടങ്ങിയവ ഉല്പാദിപ്പിക്കുന്നുണ്ട്. കിണറുകൾ മാലിന്യ മുക്തമായി സംരക്ഷിക്കുന്നതിന് കിണർ വലകൾ ഇടുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ട് എടുക്കണമെന്നും ഇതിനായി ഈ സംഘത്തിന്റെ ഉൽപന്നം ഉപയോഗിക്കണമെന്നും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

## 4.54 തവനൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.04.2022 ലെ കത്തും തവനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.03.2022 ലെ 1(19)-ാം നമ്പർ തീരുമാനവും (SRG 462/22 – CC/260/2022)**

| | | |
|---|---|---|
| *പ്രോ.നം: 228/22* | *അടങ്കൽ* | *75,000 രൂപ (തനത്ഫണ്ട്)* |
| *പേര്* | *ഓൺലൈൻ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ - സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള ചെലവ്.* | |

ജനകീയാസൂത്രണ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സോഫ്റ്റ് വെയർ തയ്യാറാക്കാനുള്ള പ്രോജക്ട് നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിക്കു നൽകി. 02.12.2021 ൽ കൂടിയ കമ്മിറ്റി ഇതിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി നൽകാൻ ഐ.കെ.എം ജില്ലാ കോഓർഡിനേറ്ററോടാവശ്യപ്പെട്ടു. ഈ സോഫ്റ്റ് വെയറിന്റെ ഫലക്ഷമത പരിശോധിക്കാൻ ജില്ലാതലത്തിൽ സൗകര്യമില്ലെന്നും അതിനാൽ പരിഗണനക്കായി അപ്പലേറ്റ് കമ്മിറ്റിക്ക് നൽകണമെന്നും ഐ.കെ.എം ജില്ലാ കോഓർഡിനേറ്റർ അറിയിച്ചു. കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പ്രോജക്ട് നടപ്പാക്കിയെന്നും ഇതിന് സാധൂകരണം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

4.55 <u>നാദാപുരം ഗ്രാമപഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.04.2022 ലെ കത്ത് (SRG 483/22 – CC/289/2021)**

| | | |
|---|---|---|
| *പ്രോ.നം: 142/22* | *അടങ്കൽ* | *5,00,000 രൂപ*<br>*(വികസനഫണ്ട് ജനറൽ)* |
| *പേര്* | *ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ* | |

ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 2018-19 ൽ ഉൾപ്പെടുത്തിയിരുന്നു. 2019-20 ൽ ഇതു പൂർത്തീകരിച്ചു. സാങ്കേതികാനുമതി കൂടാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ഒപ്പം ഇതിന് ഗുണനിലവാര സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. അതിനാൽ ബിൽതുക നൽകാൻ കഴിയുന്നില്ല. നാദാപുരം താലൂക്കാശുപത്രി കോമ്പൗണ്ടിലും കല്ലാച്ചി പഴയ മാർക്കറ്റ് ജീപ്പ് സ്റ്റാന്റിനു സമീപവുമാണ് ലൈറ്റ് സ്ഥാപിച്ചത്. ടെണ്ടർ നടപടിക്രമം പാലിച്ച് പവർലൈൻ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏല്പിച്ചത്. ലൈറ്റ് സ്ഥാപിക്കാൻ PWD റോഡ് ഡിവിഷൻ, KWA, BSNL, KSEB എന്നിവർക്കെല്ലാം NOC ക്കായി കത്തു നൽകിയെങ്കിലും ഇത് ലഭിച്ചില്ല. പ്രവൃത്തി ചെയ്ത ഏജൻസി ബിൽ തുക ലഭിക്കാൻ നിയമ നടപടിക്ക് ഒരുങ്ങുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ബിൽ തുക നൽകി പ്രശ്നം പരിഹരിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.